# كيف يجب علينا
# لأن نفسّر القرآن الكريم؟

---

## ഖുർആൻ വ്യാഖ്യാനം : സംശയങ്ങളും മറുപടിയും

മുഹമ്മദ് നാസിറുദ്ദീൻ അൽബാനി

# ഖുർആൻ വ്യാഖ്യാനം

## സംശയങ്ങളും മറുപടിയും

വിവർത്തനം
മുഹമ്മദ് സിയാദ് കണ്ണൂർ

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin - 19**

# DA'WA BOOKS

Malayalam | Study | Qur'an Vyakyanam: Samshayangalum Marupadiyum
ഖുർആൻ വ്യാഖ്യാനം: സംശയങ്ങളും മറുപടിയും
Author: Muhammed Naswiruddeen Albani
Translator: Muhammed Ziyad Kannur
First Edition: December 2007
Second Edition: April 2014

**Price: Rs. 25.00**

Publisher | Distribution
Da'wa Books | Vyttila | Kochi - 19 | Kerala | India
Web: www.dawabooks.in | Email: dawabook@gmail.com
Cover : Irshad | Type Setting : Creative Media | Printing : Anaswara Offset, Kochi
ISBN: 978-93-82581-43-7

All right reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد لله.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെ ﷺ പ്രത്യേകമായ അംഗീകാരം ലഭിച്ച ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

മനുഷ്യർക്കുള്ള മാർഗദർശനമായ ഖുർആനിനെ, എങ്ങനെ വ്യാഖ്യാനിക്കണമെന്നും മനസ്സിലാക്കണമെന്നും സംക്ഷിപ്തവുമായി അവതരിപ്പിക്കുന്ന ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയുടെ *കൈഫ യജിബു അലൈനാ - ലി അൻ നുഫസ്സിറൽ ഖുർആനൽ കരീം* എന്ന കൃതിയുടെ മലയാള ഭാഷാന്തരമാണിത്. മുഹമ്മദ് സിയാദ് കണ്ണൂർ ആണ് പരിഭാഷ നിർവഹിച്ചിരിക്കുന്നത്.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ**

# താളുകളിൽ


01. ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക? 11

02. " ഓരോ കാര്യവും നാം നല്ലവണ്ണം വിശദീകരിച്ചിരിക്കുന്നു" - വിശദീകരണം 14

03. ഹദീഥ് ഖുർആൻ വചനത്തിന് എതിരായാൽ!? 17

04. ടേപ്പ് റെക്കോർഡറിൽ ഖുർആൻ തുറന്ന് വെക്കൽ 24

05. .... അല്ലാഹു തന്ത്രം പ്രയോഗിച്ചു? 26

06. സൂറ ആലുഇംറാൻ: 85, സൂറ മാഇദ: 69 എങ്ങനെ യോജിപ്പിക്കും? 28

07. അവർ ഗ്രഹിക്കാത്തവിധം.....അടപ്പ് വെക്കുകയും ചെയ്തിരിക്കുന്നു 31

08. മുസ്ഹഫ് ചുംബിക്കുന്നതിനെക്കുറിച്ചുള്ള വിധിയെന്താണ് 35

09. വിശുദ്ധ ഖുർആൻ നാം എങ്ങനെയാണ് വ്യാഖ്യാനിക്കേണ്ടത്? 42

# ഖുർആൻ വ്യാഖ്യാനം

## സംശയങ്ങളും മറുപടിയും

**ചോദ്യം (1) : ബഹുമാന്യനായ ശൈഖ്. ഒരു ചെറിയ പുസ്തകത്തിൽ ഞാൻ ഒരു ഹദീഥ് കണ്ടു. അത് പറയുന്നത്: "خذ من القرآن ماشئت لما شئت". "ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക."[1] ഈ ഹദീഥ് സ്വഹീഹാണോ? ഞങ്ങളെ സഹായിക്കുക. അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകട്ടെ.**

മറുപടി (1) "ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക" എന്ന ഹദീഥ് ചിലരുടെയിടയിൽ വ്യാപകമായ ഹദീഥാണ്. എന്നാൽ ഖേദകരമെന്നുപറയട്ടെ, സുന്നത്തിൽ യാതൊരടിസ്ഥാനവുമില്ലാത്ത ഹദീഥുകളിൽ പെട്ട ഒന്നാണിത്. അതുകൊണ്ടു തന്നെ, ഇത് റിപ്പോർട്ട് ചെയ്യുന്നതും നബി(ﷺ)യിലേക്ക് ചേർത്തുപറയുന്നതും അനുവദനീയമല്ല.

---

1. സിൽസിലത്തുൽ അഹീദീഥുള്ളഈഫ (557)

കൂടാതെ, സമഗ്രവും വിശാലവുമായ ഈ ആശയം സാധുതയില്ലാത്തതും ഇസ്‌ലാമിക ശരീഅത്തിൽ തീരെ സ്ഥാപിക്കപ്പെടാത്തതുമാണ്. "ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചു കൊള്ളുക." (എന്ന ഹദീഥിലെ ആശയം) ഉദാഹരണത്തിന്, (ഈ ഹദീഥ് സൂചിപ്പിക്കുന്ന പ്രകാരം) എനിക്ക് തൊഴിലന്വേഷിച്ച് പുറത്തൊന്നും പോകാതെ, വീട്ടിനകത്തുതന്നെയിരുന്ന്, എന്റെ നാഥനിൽ നിന്നും - അവൻ വാനലോകത്തുനിന്നും ഇറക്കിത്തരുമെന്ന നിലക്ക് - ഉപജീവനം തേടാം. കാരണം ഖുർആനിൽ നിന്നും എനിക്കിഷ്ടമുള്ളത് ഞാൻ സ്വീകരിക്കുന്നു! ആരാണ് ഇങ്ങനെയൊരു കാര്യം പറയുന്നത്?!

അതിനാൽ, ഇത് നിരർത്ഥകമായൊരു പ്രസ്താവനയാണ്. ഒരു പക്ഷേ, 'രിബാത്താത്' (വിശ്രമസങ്കേതങ്ങൾ) എന്ന് സ്വയം പേർ നല്കി ആ സ്ഥലങ്ങളിൽ ഇരിക്കുന്നതും താമസിക്കുന്നതും പതിവാക്കിയ മടിയന്മാരായ സൂഫികൾ നിർമ്മിച്ച ഒരു കെട്ടുകഥയാകാം ഇത്. ഈ സ്ഥലങ്ങളിൽ അവർ ഒരുമിച്ചു കൂടി ആളുകൾ അവർക്ക് കൊണ്ടുവരുന്ന അല്ലാഹുവിന്റെ ഉപജീവനത്തിന്നായി അവർ കാത്തിരിക്കും. ഇത് ഒരു മുസ്‌ലിമിന്റെ സ്വഭാവമല്ലെന്ന കാര്യം അവർക്കറിയാം. കാരണം ഉത്കർഷേച്ഛയോടെയും അന്തസ്സോടെയും ജീവിക്കാനാണ് നബി (ﷺ) എല്ലാവരെയും പഠിപ്പിച്ചത്. നബി(ﷺ) പറഞ്ഞു:

الْيَدُ الْعُلْيَا خَيْرٌ مِنْ الْيَدِ السُّفْلَى فَالْيَدُ الْعُلْيَا هِيَ الْمُنْفِقَةُ وَالسُّفْلَى هِيَ السَّائِلَةُ

"മേലെ കൈയാണ് താഴെ കൈയേക്കാൾ ഉത്തമം. മേലെ കൈ ചെലവഴിക്കുന്നവനും താഴെ കൈ ചോദിക്കുന്നവനുമാണ്. (അതായത്, യാചിക്കുന്നവൻ)." (2)

ഈ വിഷയകമായി എന്നെ അത്ഭുതപ്പെടുത്തുന്നത് താപസരും സൂഫികളുമായ ചിലരെക്കുറിച്ച് ഞാൻ വായിച്ച ഒരു കഥയാണ്. ഞാൻ അത് നീട്ടുന്നില്ല. അവരുടെ കഥകൾ നിരവധിയുണ്ട്. അവയെല്ലാം വിചിത്രങ്ങളാണ്.

---

2. ബുഖാരി (1429) ഈ പദങ്ങൾ അദ്ദേഹത്തിന്റേതാണ്. (മുസ്‌ലിം :1033)

അവർ വാദിക്കുന്നു. അവരുടെ കൂട്ടത്തിലുള്ള ഒരാൾ ഭക്ഷണവിഭവങ്ങളൊന്നും കരുതാതെ ഭൂമിയിൽ സഞ്ചരിക്കാൻ ആരംഭിച്ചു. അങ്ങനെ വിശപ്പ് കൊണ്ട് മരിക്കുമെന്ന അവസ്ഥയിലെത്തിയപ്പോൾ അങ്ങകലെ ഒരു ഗ്രാമം അയാളുടെ ശ്രദ്ധയിൽപ്പെട്ടു. അയാൾ അവിടേക്ക് ചെന്നു. അന്ന് വെള്ളിയാഴ്ചയായിരുന്നു. അയാളുടെ വാദപ്രകാരം അയാൾ എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചു (തവക്കൽ) കൊണ്ടാണ് പുറപ്പെട്ടത്. അങ്ങനെ, അയാളുടെ വാദപ്രകാരമുള്ള ആ 'തവക്കലി'ന് കോട്ടം വരാതിരിക്കുന്നതിന് വേണ്ടി, പള്ളിയിൽ ഒരുമിച്ചുകൂടിയവരുടെ മുമ്പിൽ അയാൾ പ്രത്യക്ഷപ്പെട്ടില്ല. പ്രത്യുത ആരും കാണാതിരിക്കുന്നതിനുവേണ്ടി അയാൾ മിമ്പറിന് കീഴിൽ ഒളിച്ചിരുന്നു. എന്നാൽ, ആരെങ്കിലും തന്നെ കണ്ടുപിടിക്കുമെന്ന് അയാളുടെ മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. അങ്ങനെ, ഖത്വീബ് ഖുതുബ നിർവഹിച്ചു. ഇയാൾ ആ ജമാഅത്തിനൊപ്പം നമസ്കരിച്ചില്ല! ഇമാമിന്റെ ഖുതുബയും നമസ്കാരവും കഴിഞ്ഞപ്പോൾ ജനങ്ങൾ പള്ളിക്കവാടത്തിലൂടെ ഒറ്റക്കും കൂട്ടായും ഇറങ്ങിപ്പോകാൻ തുടങ്ങി. ജനങ്ങളെല്ലാം പോയിട്ട് പള്ളി ഒഴിഞ്ഞെന്ന് ബോധ്യമായപ്പോൾ അയാൾ വാതിലുകൾ കുറ്റിയിട്ടു. ശേഷം ആഹാരപാനീയങ്ങളില്ലാതെ അയാൾ പള്ളിയിൽ ഒറ്റക്ക് കഴിച്ചുകൂട്ടി. അവിടെയുള്ളവർക്ക് തന്റെ സാന്നിധ്യമറിയിക്കാൻ തൊണ്ട ശരിയാക്കുന്നത് പോലെയുള്ള ശബ്ദമുണ്ടാക്കാനല്ലാതെ, മറ്റൊന്നിനും അയാൾക്ക് കഴിഞ്ഞില്ല. ചിലർ അത് മനസ്സിലാക്കി അയാളുടെയടുക്കലേക്ക് ചെന്നപ്പോൾ കണ്ടത് വിശപ്പും ദാഹവും നിമിത്തം അസ്ഥിമാത്രമായി മാറിയ ഒരു രൂപത്തെയാണ്. അവർ അയാളെ എടുത്തുകൊണ്ട് സഹായിക്കാൻ പുറപ്പെട്ടു.

അവർ അയാളോട് ചോദിച്ചു: "നിങ്ങളാരാണ്?" അയാൾ പറഞ്ഞു: ''അല്ലാഹുവിങ്കൽ എല്ലാം തവക്കുലാക്കിയ ഒരു താപസനാണ് (സാഹിദ്) ഞാൻ." അവർ ചോദിച്ചു: "മരണത്തിന്റെ വക്കത്തെത്തിയ നിങ്ങൾക്കെങ്ങനെ 'ഞാൻ അല്ലാഹുവിങ്കൽ ഭരമേൽപിക്കുന്നവനാണെ'ന്ന് പറയാൻ സാധിക്കും?! നിങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നയാളാണെങ്കിൽ (സഹായം) ചോദിക്കുകയോ, തൊണ്ട ശരിയാക്കുന്ന ശബ്ദമുണ്ടാക്കി നിങ്ങളുടെ സാന്നിധ്യം ജനങ്ങളെ അറിയിക്കുകയോ ചെയ്യില്ലായിരുന്നു. നിങ്ങളുടെ പാപവുമായി നിങ്ങൾ മരിച്ചുപോകുമായിരുന്നു!"

ഇതുപോലുള്ള ഹദീഥുകൾ സ്വീകരിക്കുന്നത് നിമിത്തം എത്തിപ്പെടുന്ന അവസ്ഥക്കുള്ള ഒരു ഉദാഹരണമാണിത്: "ഖുർആനിൽ നിന്നും നീ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നിടത്ത് നിന്നും സ്വീകരിച്ചുകൊള്ളുക." ചുരുക്കത്തിൽ ഈ ഹദീഥിന് അടിസ്ഥാനമൊന്നുമില്ല.

**ചോദ്യം (2): ബഹുമാന്യനായ ശൈഖ്! 'ഖുർആനിയ്യൂൻ'[3] പറയുന്നു. അല്ലാഹു പറഞ്ഞു:**

﴿ وَكُلَّ شَيْءٍ فَصَّلْنَاهُ تَفْصِيلًا ﴾

**"ഓരോ കാര്യവും നാം നല്ലവണ്ണം വിശദീകരിച്ചിരിക്കുന്നു." (സൂറ: ഇസ്രാഅ്:12)**

﴿ مَّا فَرَّطْنَا فِي الْكِتَابِ مِن شَيْءٍ ﴾

**"ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ചവരുത്തിയിട്ടില്ല." (സൂറ. അൻആം 38)**

**റസൂൽ പറഞ്ഞു:**

إن هذا القرآن طرفه بيد الله وطرفه بأيديكم فتمسكوا به فإنكم لن تضلوا ولن تهلكوا بعده أبداً

**"നിശ്ചയമായും ഈ ഖുർആൻ-അതിന്റെ ഒരു ഭാഗം അല്ലാഹുവിന്റെ കൈയിലും ഒരു ഭാഗം നിങ്ങളുടെ കൈകളിലുമാണ്. അതിനാൽ നിങ്ങളത് മുറുകെ പിടിക്കുക. എന്നാൽ അതിനുശേഷം നിങ്ങളൊരിക്കലും വഴിപിച്ചുപോകയോ നശിച്ചുപോകയോ ചെയ്യുകയില്ല." [4] ഇതിൽ താങ്കളുടെ വിശദീകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.**

---

3. ഇസ്ലാമിൽ പ്രമാണമായി ഖുർആൻ മാത്രം മതി, ഹദീഥിന്റെ ആവശ്യമില്ല എന്ന് വാദിക്കുന്നവരെയാണ് 'ഖുർആനിയ്യൂൻ' എന്ന് വിളിക്കുന്നത്. ഹദീഥിനെ ഒന്നാകെ നിഷേധിക്കുന്നവരും, ഭാഗികമായി നിഷേധിക്കുന്നവരും അതിൽപെടും. വിവ:
4. സ്വഹീഹുത്തർഗീബ് വത്തർഹീബ് (1/93/35)

മറുപടി 2: “ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല” എന്ന വചനത്തെ സംബന്ധിച്ച്: ഇതിൽ ‘ഗ്രന്ഥം’ (കിതാബ്) എന്ന പദം കൊണ്ടുള്ള ഉദ്ദേശ്യം ‘സംരക്ഷിതഫലകം’ (ലൗഹുൽ മഹ്ഫൂള്) ആണ്. വിശുദ്ധഖുർആൻ അല്ല.

എന്നാൽ “ഓരോ കാര്യവും നാം നല്ലവണ്ണം വിശദീകരിച്ചിരിക്കുന്നു’ എന്ന അല്ലാഹുവിന്റെ വചനത്തെ ഇതിന് മുമ്പ് നാം വിശദീകരിച്ച വിശുദ്ധഖുർആനിലെ വചനവുമായി ബന്ധിപ്പിച്ചാൽ, അല്ലാഹു എല്ലാ കാര്യവും വിശദീകരിച്ചിരിക്കുന്നു എന്ന് ബോധ്യമാകും. അതോടൊപ്പം അനുബന്ധമായി മറ്റൊന്നുകൂടിയുണ്ട് എന്നുമാത്രം. നിങ്ങൾക്കറിയാവുന്നത് പോലെ വിശദീകരണം ചിലപ്പോൾ വ്യാപകാർത്ഥത്തിലായിരിക്കും. ഒരാൾ ഒരു പൊതുനിയമം വെക്കുമ്പോൾ, അതിൽ വിശദാംശങ്ങളും ഉൾക്കൊള്ളും. അതിന്റെ ആധിക്യം കാരണം അതിനെ പരിമിതപ്പെടുത്താൻ സാധിക്കുകയില്ല. അപ്പോൾ, തത്വജ്ഞാനിയായ ആ നിയമനിർമ്മാതാവ് ധാരാളം വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുന്നതിന്ന് വേണ്ടി പ്രസിദ്ധമായ ഒരു പൊതുനിയമമുണ്ടാക്കിയാൽ, ആ വിശുദ്ധവാക്യത്തിന്റെ ആശയം വ്യക്തമാകും. ചിലപ്പോൾ വിശദീകരണം സമഗ്രമായിരിക്കും. അതാണ് ഈ വചനത്തിൽ നിന്നും വ്യക്തമാകുന്നത്. നബി (ﷺ) പറഞ്ഞതുപോലെ

"ما تركت شيئا مما أمركم الله به إلا قد أمرتكم به ، و ما تركت شيئا مما نهاكم عنه إلا قد نهيتكم عنه "

“അല്ലാഹു നിങ്ങളോട് കൽപിക്കാൻ ആവശ്യപ്പെട്ട ഒരു കാര്യവും നിങ്ങളോട് കൽപിക്കാതെ ഞാൻ ഉപേക്ഷിച്ചിട്ടില്ല. അല്ലാഹു വിരോധിക്കാൻ ആവശ്യപ്പെട്ട ഒരു കാര്യവും നിങ്ങളോട് വിരോധിക്കാതെയും ഞാൻ ഉപേക്ഷിച്ചിട്ടില്ല.”[5]

ചിലപ്പോൾ വിശദീകരണം ധാരാളം വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന നിയമങ്ങളായിരിക്കും. മറ്റു ചിലപ്പോൾ

5. സിൽസിലത്തുൽ അഹാദീഥുസ്സ്വഹീഹ: 1803

വിശദീകരണം ആരാധനകളുടെയും നിയമങ്ങളുടെയും പദാവലിയായിരിക്കും. ആ നിയമങ്ങളിലേക്കൊന്നും സൂചന നൽകേണ്ട ആവശ്യമില്ല.

അനേകം ശാഖകളുൾക്കൊള്ളുന്നതും നിയമനിർമാണ വിഷയത്തിൽ ഇസ്‌ലാമിന്റെ മഹത്വവും വിശാലതയും വെളിവാക്കുന്നതുമായ നിയമങ്ങളിൽപ്പെട്ടതാണ്. താഴെ വരുന്ന നബിവചനങ്ങളുടെ ഉദാഹരണങ്ങൾ:

"ولا ضرر ولا ضرار"

"(സ്വയം) ഉപദ്രവിക്കലും മറ്റുള്ളവരെ ഉപദ്രവിക്കലും ഇല്ല."(6)

"كل مسكر خمر، وكل خمر حرام"

"എല്ലാ ലഹരിയും മദ്യമാണ്. എല്ലാ മദ്യവും നിഷിദ്ധവുമാണ്."(7)

"كل بدعة ضلالة، وكل ضلالة في النار"

"എല്ലാ അനാചാരങ്ങളും വഴികേടാണ്. എല്ലാ വഴികേടും നരകാഗ്നിയിലുമാണ്."(8)

ഇത് നിയമങ്ങളും സാമാന്യവിധികളുമാണ്. ഒന്നാമത്തെ ഹദീഥിൽ സ്വന്തത്തെ ഉപദ്രവിക്കുന്ന വിഷയമോ മറ്റുള്ളവരുടെ മുതലുകൾ ഉപദ്രവിക്കുന്ന വിഷയമോ ഒഴിവാക്കിയിട്ടില്ല. ഇനി രണ്ടാമത്തെ ഹദീഥിൽ ലഹരിയുമായി ബന്ധപ്പെട്ട ഒന്നിനെയും (ഒഴിവാക്കിയിട്ടില്ല) അതു മുന്തിരിയിൽ നിന്നും ലഭിക്കുന്നതായാലും - ഇത് വ്യാപകമാണല്ലോ-ചോളത്തിൽ നിന്നുള്ളതായാലും, മറ്റേത് വസ്തുക്കളിൽ നിന്നുള്ളതായാലും സമമാണ്-അത് ലഹരിയായിരിക്കുന്നിടത്തോളം അത് നിഷിദ്ധമാണ്.

അപ്രകാരം തന്നെയാണ് മൂന്നാമത്തെ ഹദീഥും; ബിദ്അത്തുകളുടെ ആധിക്യം നിമിത്തം അത് പരിമിതപ്പെടുത്താൻ സാധിക്കുകയില്ല. അതിനെ എണ്ണിത്തിട്ടപ്പെടുത്താനും സാധ്യമല്ല. എന്നാൽ, അതോടൊപ്പം ഈ ഹദീഥ്, സംക്ഷിപ്തമാണെങ്കിലും വ്യക്തതയോ

6. സ്വഹീഹുൽ ജാമിഉസ്സ്വഗീർ (7517)
7. ഇർവാഉൽ ഗലീൽ (8/40/2373)
8. സ്വഹീഹത്തുർഗീബ് വത്തർഹീബ് (1/92/34) സ്വലാത്തുത്തറാവീഹ് (പേജ് 75)

ടെ പ്രസ്താവിക്കുന്നു. “എല്ലാ അനാചാരങ്ങളും വഴികേടാണ്. എല്ലാ വഴികേടും നരകാഗ്നിയിലാണ്.”

ഇതൊരു വിശദമായ പ്രസ്താവനയാണ്. പക്ഷേ, നിയമങ്ങളോട് കൂടിയാണെന്ന് മാത്രം.

എന്നാൽ നിങ്ങൾക്കറിയുന്നതുപോലെ (ചില) വിധികൾ പലപ്പോഴും സുന്നത്തിലെ പദങ്ങൾ കൊണ്ട് വിശദീകരിച്ചിരിക്കും. ചിലപ്പോൾ വിശുദ്ധഖുർആനിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ടാകും. അനന്തരാവകാശ നിയമങ്ങൾ അതിന്നുദാഹരണമാണ്.

‘ചോദ്യത്തിൽ സൂചിപ്പിച്ച ഹദീഥ് സ്വഹീഹാണ്. അതനുസരിച്ച് പ്രവർത്തിക്കണം. എന്നാൽ, അത് സ്വീകരിക്കേണ്ടത് (മറ്റൊരു) ഹദീഥിൽ വന്ന രൂപത്തിലാണ്. നിങ്ങൾക്ക് ഞാൻ രണ്ട് കാര്യങ്ങൾ വിട്ടേച്ചുപോകുന്നു. അവ മുറുകെ പിടിക്കുകയാണെങ്കിൽ നിങ്ങൾ വഴിപിഴച്ചുപോകുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും, അവന്റെ ദൂതരുടെ ചര്യയും (ആണ് അവ)”[9]

അപ്പോൾ, നമ്മുടെ കൈകളിലുള്ള അല്ലാഹുവിന്റെ പാശം മുറുകെപിടിക്കേണ്ടത് വിശുദ്ധഖുർആനിനെ വിശദീകരിക്കുന്ന സുന്നത്തനുസരിച്ച് പ്രവർത്തിച്ചുകൊണ്ടാണ്.

**ചോദ്യം 3 : ഇവിടെ ചിലരുണ്ട്. അവർ പറയുന്നു: ഒരു ഹദീഥ് ഖുർആൻ വചനത്തിന് എതിരായാൽ, ആധികാരികതയുടെ വിഷയത്തിൽ അത് ഏത് പദവിയിലായാലും അതിനെ തള്ളിക്കളയണം. ശേഷം, അവർ ഉദാഹരണമായി ഈ ഹദീഥ് ഉദ്ധരിക്കാം:**

" إن الميت ليعذب ببكاء أهله عليه "

**“മരിച്ച വ്യക്തി, തന്റെ വീട്ടുകാരുടെ വിലാപം കാരണമായി ശിക്ഷിക്കപ്പെടും.”[10] ഈ ഹദീഥിനെ നിരാകരിക്കുന്നതിനുവേണ്ടി അവർ ആഇശ (رضي الله عنها) വാചകം. അല്ലാഹുവിന്റെ ഈ വചനമാണുപയോഗിച്ചതിനെ തെളിവ് പിടിക്കുന്നു.**

9. മിശ്കാത്തുൽ മസാബീഹ് (1/66/186)

10. സ്വഹീഹുൽജാമിഅ് (1970)

﴿ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ﴾

**“പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കയില്ല” (സൂറ: ഫാത്വിർ 18). ഇത് പറയുന്നവർക്ക് എങ്ങനെയാണ് മറുപടി കൊടുക്കുക?**

മറുപടി (3): ഈ ഹദീഥ് നിരാകരിക്കുന്നത് ഖുർആൻകൊണ്ട് ഹദീഥ് നിഷേധിക്കുന്ന പ്രവണതയിലാണ് ഉൾപ്പെടുക. ഇത് ഇവരുടെ വ്യതിയാനത്തെയാണ് സൂചിപ്പിക്കുന്നത്.

ഈ ഹദീഥിനെ കുറിച്ചുള്ള മറുപടി-വിശിഷ്യ ആഇശ (ﷺ)യുടെ ഹദീഥിനെ സ്വീകരിക്കുന്നവരെയാണ് ഞാൻ പരാമർശിക്കുന്നത്-അത് ഇപ്രകാരമാണ്.

ഒന്ന്: ഹദീഥിന്റെ കാഴ്ചപ്പാടിലൂടെ: ഒരു ഹദീഥിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഈ ഹദീഥ് നിരാകരിക്കാൻ യാതൊരു മാർഗവുമില്ല. അതിന്ന് രണ്ട് കാരണങ്ങളാണുള്ളത്.

(1) അത് ഇബ്നുഉമറി(ﷺ)ന്റെ സ്വഹീഹായ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടതാണ്.

(2) ഇത് റിപ്പോർട്ട് ചെയ്യുന്നതിൽ ഇബ്നുഉമർ ഒറ്റപ്പെട്ടിട്ടില്ല. പ്രത്യുത, അതിൽ ഉമർ (ﷺ) അദ്ദേഹത്തെ പിന്തുടർന്നിട്ടുണ്ട്. ഇനി, അദ്ദേഹവും മകനും മാത്രമല്ല ഇത് റിപ്പോർട്ട് ചെയ്തത്. അവർ രണ്ട് പേരെയും പിന്തുടർന്നുകൊണ്ട് മുഗീറത്തുബ്നു ശുഅ്ബയുമുണ്ട്. ഇതാണ് ഈ സമയത്ത് എന്റെ ഓർമയിൽ വരുന്നത്. കാരണം ഈ മൂന്ന് സ്വഹാബിമാരുടെയും റിപ്പോർട്ടുകൾ ഇരു സ്വഹീഹുകളിൽ കാണാം.

ഇനി, ഈ ഹദീഥിനെക്കുറിച്ച് മാത്രമായി ഒരാൾ ഗവേഷണം നടത്തുകയാണെങ്കിൽ, അവന് മറ്റ് പരമ്പരകൾ കൂടി കണ്ടെത്താൻ സാധിക്കും. ഈ മൂന്ന് ഹദീഥുകളുടെയും പരമ്പര സ്വഹീഹാണ്. അതിനാൽ, പരിശുദ്ധഖുർആനിന്ന് എതിരാണെന്ന് വാദിച്ചുകൊണ്ട് അതിനെ നിരാകരിക്കാവതല്ല.

രണ്ട്: തഫ്സീറിന്റെ കാഴ്ചപ്പാടിലൂടെ: ഈ ഹദീഥിനെ പണ്ഡിതന്മാർ രണ്ട് നിലക്കാണ് വ്യാഖ്യാനിച്ചത്:

(1) ഈ ഹദീഥ് ബാധകമാകുന്നത്, മരിച്ച് പോയ ഒരു വ്യക്തിയുടെ മേലാണ്. അയാൾ, താൻ മരിച്ച് കഴിഞ്ഞാൽ തന്റെ വീട്ടുകാർ മതവിരുദ്ധ പ്രവർത്തികൾ ചെയ്യുമെന്ന് തന്റെ ജീവിതകാലത്ത് തന്നെ അറിയാവുന്ന ഒരാളാണ്. എന്നിട്ടും അന്ന് അയാൾ തന്റെ കുടുംബത്തെ ഉപദേശിച്ചില്ല. തന്റെ മരണശേഷം ഇവരുടെ കരച്ചിൽ കാരണമായി താൻ ഖബറിൽ ശിക്ഷിക്കപ്പെടും എന്നത് കൊണ്ട് നിങ്ങൾ കരയരുതെന്ന് അയാൾ താക്കീത് ചെയ്തിട്ടുമില്ല.

'മരിച്ച വ്യക്തി' (അൽമയ്യിത്ത്) എന്ന് പദത്തിൽ ഉപയോഗിച്ച 'അൽ' എന്നതിന്റെ ഉദ്ദേശം മുഴുവൻ (മരിച്ച ആളുകളും) ഉൾക്കൊള്ളുകയില്ല എന്നാണ്. അതായത് മരിച്ച എല്ലാ വ്യക്തികളും തങ്ങളുടെ വീട്ടുകാരുടെ വിലാപം കാരണമായി ശിക്ഷിക്കപ്പെടുമെന്നല്ല. മറിച്ച് ഇവിടെയുപയോഗിച്ച 'അൽ' എന്ന പദം നിശ്ചിതപ്പെടുത്താനുള്ളതാണ്. അതായത് തന്റെ മരണശേഷം മതവിരുദ്ധപ്രവർത്തനങ്ങൾ ആരും ചെയ്യരുതെന്ന് ഉപദേശിക്കാത്ത ഒരാളാണ് ഇവിടെ ഉദ്ദേശം. അപ്പോൾ ഇത്തരം വ്യക്തികളാണ് തങ്ങളുടെ വീട്ടുകാരുടെ കരച്ചിൽ കാരണമായി ശിക്ഷിക്കപ്പെടുന്നത്. എന്നാൽ അനിവാര്യമായ ഉപദേശങ്ങൾ നൽകുകയും തന്റെ മേൽ വിലപിക്കരുതെന്നും ഈ കാലഘട്ടത്തിൽ കണ്ടുവരുന്ന നിഷിദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നുമുള്ള മതപരമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നവൻ ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ അവൻ ഉപദേശനിർദേശങ്ങൾ നൽകിയില്ലെങ്കിൽ ശിക്ഷിക്കപ്പെടും.

ഒന്നാമത്തെ വ്യാഖ്യാനത്തിൽ നിന്നും നാം അനിവാര്യമായും മനസ്സിലാക്കേണ്ട വിശദീകരണമാണിത്. ഇതാണ് (ഇമാം) നവവിയുടെയും അതുപോലെയുള്ള പ്രശസ്തരും അറിയപ്പെടുന്നവരുമായ ഭൂരിഭാഗം പണ്ഡിതന്മാരുടെയും നിലപാട്. ഈ വിശദീകരണം നമുക്ക് മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ ഈ ഹദീഥും

﴿ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ﴾

“പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കയില്ല” (അൻആം: 164) എന്ന അല്ലാഹുവിന്റെ വചനവും തമ്മിൽ വൈരുധ്യമൊന്നും ഇല്ലെന്ന് വ്യക്തമാകും. എന്നാൽ ‘അൽമയ്യിത്ത്’ എന്ന പദത്തിലെ ‘അൽ’ എന്നതിൽ എല്ലാവരും ഉൾപ്പെടും എന്ന് മനസ്സിലാക്കിയാലാണ് വൈരുധ്യമുണ്ടെന്ന് തോന്നുക. അതായത്, എല്ലാ മരിച്ചവരും ശിക്ഷിക്കപ്പെടും എന്ന്. അങ്ങനെയാകുമ്പോൾ ഹദീഥ് അവ്യക്തമാകുകയും ഖുർആൻ വചനത്തിന് വിരുദ്ധമാകുകയും ചെയ്യും. എന്നാൽ, നാം മുമ്പ് സൂചിപ്പിച്ച രീതിയിൽ അതിന്റെ ആശയത്തെ മനസ്സിലാക്കിയാൽ, ഒരു വൈരുധ്യവും അവ്യക്തതയുമില്ല. കാരണം, അയാൾ (ഖബറിൽ വെച്ച്) ശിക്ഷിക്കപ്പെടുന്നത് വേണ്ട ഉപദേശനിർദേശങ്ങൾ നൽകാത്തത് കൊണ്ടാണ് (എന്ന് മനസ്സിലാകും). വൈരുധ്യമുണ്ടെന്ന് വാദിക്കുന്നവർക്കുള്ള ഖണ്ഡനമായി ഈ ഹദീഥിനെ വ്യാഖ്യാനിച്ച ഒന്നാമത്തെ രീതിയാണിത്.

(2) രണ്ടാമത്തെ വ്യാഖ്യാനം ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ (റഹി)യുടേതാണ്. അദ്ദേഹം തന്റെ ചില രചനകളിൽ സൂചിപ്പിച്ചു. ഇവിടെ ശിക്ഷ എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഖബർ ശിക്ഷയോ, പരലോകത്തെ ശിക്ഷയോ അല്ല. മറിച്ച്, വേദനയും, ദുഃഖവും എന്ന ഉദ്ദേശത്തിലാണ്. അതായത്, മരിച്ച വ്യക്തി തന്റെ വീട്ടുകാരുടെ കരച്ചിൽ കേട്ടാൽ അതിൽ ഖേദിക്കുകയും ദുഃഖിക്കുകയും ചെയ്യും.

ഇപ്രകാരമാണ് ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ പറഞ്ഞത്. ഇത് ശരിയാണെങ്കിൽ ആ തെറ്റിദ്ധാരണയെ വേരോടെ പിഴുതെറിയപ്പെടും.

എന്നാൽ ഞാൻ പറയുന്നു: ഈ വ്യാഖ്യാനം രണ്ട് യാഥാർത്ഥ്യങ്ങൾക്ക് എതിരാണ്. അത് കൊണ്ട് ഹദീഥിന്റെ ഒന്നാമത്തെ വ്യാഖ്യാനത്തെ ആശ്രയിക്കുകയല്ലാതെ നിവർത്തിയില്ല.

ഒന്നാമതായി: മുമ്പൊരിക്കൽ ഞാൻ സൂചിപ്പിച്ച മുഗീറ ഇബ്‌നു ശുഅ്ബ(ﷺ)യുടെ ഹദീഥിൽ, ഈ ശിക്ഷ വേദനയും ദുഃഖവുമല്ല, മറിച്ച് യഥാർത്ഥ ശിക്ഷ തന്നെയാണ് എന്ന് സൂചിപ്പിക്കുന്ന ഒരു അനുബന്ധമുണ്ട്. അതായത്, അല്ലാഹു അവന്ന് പൊറുത്ത് കൊടുത്തില്ലെങ്കിൽ അവന്ന് നരകശിക്ഷ ലഭിക്കും. ഇത് അല്ലാഹുവിന്റെ വചനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

﴿ إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ﴾

'തന്നോട് പങ്ക് ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്ന വർക്ക് അവർ പൊറുത്തുകൊടുക്കുന്നതാണ്." (സൂറ. അന്നിസാ അ്:48) മുഗീറ(ﷺ)യുടെ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു: "നിശ്ചയം, മരിച്ച വ്യക്തി, തന്റെ വീട്ടുകാരുടെവിലാപം കാരണം അന്ത്യനാളിൽ ശിക്ഷിക്കപ്പെടും." തന്റെ വീട്ടുകാരുടെ കരച്ചിൽ കാരണമായി മരിച്ച വ്യക്തി അന്ത്യനാളിലാണ് ശിക്ഷിക്കപ്പെടുക എന്ന് ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതാണ് വേദനയും ദുഃഖവുമെന്ന ഇബ്നുതൈമിയ്യ വ്യാഖ്യാനിച്ചത്.

രണ്ടാമതായി: ഒരാൾ മരിച്ചാൽ അയാൾക്ക് ചുറ്റും നടക്കുന്ന ഒന്നും അയാൾ അറിയുകയില്ല. അത് നന്മയായാലും തിന്മയായാ ലും സമമാണ്. ഇത് ഖുർആനും സുന്നത്തും അറിയിച്ചുതരുന്ന കാര്യമാണ്. എന്നാൽ ചില അവസരങ്ങളിൽ ഇതിന്നപവാദമുണ്ട്. അത് ചില ഹദീഥുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവ ഒന്നുകിൽ എല്ലാ മരിച്ചവർക്കുമുള്ള നിയമമെന്ന നിലക്ക്; അല്ലെങ്കിൽ വേദന അറിയിക്കുന്നതിനുവേണ്ടി കാര്യങ്ങൾ ചിലർക്ക് അല്ലാഹു കേൾപ്പിക്കുമെന്ന നിലക്ക്.

ഒന്നാമത്തെ പരാമർശത്തിന്ന് ബുഖാരി തന്റെ 'സ്വഹീഹി' ലുദ്ധരിച്ച അനസുബ്നുമാലിക്കിന്റെ ഹദീഥാണ് തെളിവ്. അനസ് നിവേദനം: റസൂൽ (ﷺ) പറഞ്ഞു:

إن العبد إذا وضع في قبره وتولى عنه أصحابه – حتى إنه يسمع قرع نعالهم – أتاه ملكان

"(അല്ലാഹുവിന്റെ) ഒരടിമയെ അവന്റെ ഖബറിലേക്ക് വെച്ചശേഷം അവന്റെ ആളുകളെല്ലാം പിരിഞ്ഞുപോയാൽ- അവരുടെ ചെരുപ്പിന്റെ ശബ്ദം അവൻ കേൾക്കുന്ന ആ സമയത്ത്

തന്നെ- രണ്ട് മലക്കുകൾ അവന്റെയടുക്കലേക്ക് വരും."(11) മറമാടിക്കഴിഞ്ഞ് ജനങ്ങൾ പിരിഞ്ഞുപോകുന്ന സമയത്ത് മരിച്ച വ്യക്തിക്ക് ഒരു പ്രത്യേകതരം കേൾവിയുണ്ടെന്ന് ഈ സ്വഹീഹായ ഹദീഥ് സ്ഥിരപ്പെടുത്തുന്നു. അതായത്, രണ്ട് മലക്കുകൾ അവന്റെയരികിൽ വന്ന് ഇരിക്കുമ്പോൾ, അവന്റെ ആത്മാവിനെ അവന്റെ ശരീരത്തിലേക്ക് മടക്കും. ഈ അവസ്ഥയിൽ അവൻ ചെരുപ്പിന്റെ ശബ്ദം കേൾക്കും. അപ്പോൾ, ഈ മരിച്ച വ്യക്തിയും എല്ലാ മരിച്ചവരും തങ്ങളുടെ ആത്മാക്കൾ തങ്ങളിലേക്ക് മടക്കപ്പെട്ട ശേഷം ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരേക്കും ഖബറിന്നരികിലൂടെ നടന്നുപോകുന്നവരുടെ ചെരുപ്പടി ശബ്ദം കേട്ടുകൊണ്ടേയിരിക്കും എന്ന ആശയം ഈ ഹദീഥിനില്ല! അങ്ങനെയല്ല തന്നെ.

ഇതൊരു പ്രത്യേക സാഹചര്യമാണ്. മരിച്ചവന്റേത് പ്രത്യേകതരം കേൾവിയുമാണ്, കാരണം അവന്റെ ആത്മാവ് അവനിലേക്ക് മടക്കപ്പെട്ടിട്ടുണ്ട്. ഈ അവസരത്തിൽ നാം ഇബ്നുതൈമിയ്യയുടെ വ്യാഖ്യാനം സ്വീകരിക്കുകയാണെങ്കിൽ, മരിച്ച വ്യക്തിയുടെ ഇന്ദ്രിയങ്ങൾ കൂടുതൽ വിശാലമാക്കാൻ നാം നിർബന്ധിതരാകും. എത്രത്തോളമെന്നാൽ, അവന്റെ ചുറ്റും നടക്കുന്നത് മുഴുവൻ അതിലുൾപ്പെടുത്തേണ്ടിവരും. അത് മറമാടുന്നതിന് മുമ്പ് ഖബറിലേക്ക് കൊണ്ടുപോകുമ്പോഴോ, ഖബറിൽ വെച്ച ശേഷമോ ആയാലും സമമാണ്- അതായത് ജീവിച്ചിരിക്കുന്ന തന്റെ ബന്ധുക്കൾ അവന്ന് വേണ്ടി കരയുന്നത് അവൻ കേൾക്കും. ഇതിന് (പ്രാമാണികമായ) തെളിവ് ആവശ്യമാണ്. അതില്ല. അതാണ് ആദ്യം വേണ്ടത്.

രണ്ടാമതായി, ഖുർആനിലെയും സ്വഹീഹായ ഹദീഥുകളിലെയും ചില വാക്യങ്ങൾ മരിച്ചവർ കേൾക്കുകയില്ല എന്ന് സൂചിപ്പിക്കുന്നതാണ്. ഇതൊരു വലിയ വിഷയമാണ്. എന്നാൽ ഞാൻ ഒരു ഹദീഥുദ്ധരിക്കാം. അത് സംശയത്തിനുള്ള മറുപടിയായേക്കും. നബി(ﷺ)യുടെ വാക്ക്:

"إن الله تعلى ملائكه سياحين في الأرض يبلغوني عن أمتي لسلام"

11. സ്വഹീഹുൽ ജാമിഉസ്സ്വഗീർ (1675)

“നിശ്ചയം, അല്ലാഹുവിന് ഭൂമിയിലൂടെ സഞ്ചരിക്കുന്ന ചില മലക്കുകളുണ്ട്. അവർ എന്റെ സമുദായത്തിന്റെ അഭിവാദ്യങ്ങൾ (സലാം) എനിക്കെത്തിച്ചുതരും.”[12] ‘സഞ്ചരിക്കും’ എന്നത് കൊണ്ടുള്ള ഉദ്ദേശം പതിവായ ഒരുമിച്ചുകൂടലുകളാണ്. അപ്പോൾ, ഒരു മുസ്‌ലിം നബി(സയുടെ മേൽ സ്വലാത്ത് ചെല്ലുമ്പോഴെല്ലാം, നിർദ്ദിഷ്ട മലക്ക് ആ മുസ്‌ലിമിൽ നിന്നും ആ ‘സലാം’ നബി(ﷺ)യിലേക്ക് എത്തിക്കും. അപ്പോൾ, മരിച്ചവർ കേൾക്കുമായിരുന്നുവെങ്കിൽ, മരിച്ചവരുടെ കൂട്ടത്തിൽ കേൾക്കുവാൻ ഏറ്റവും അർഹനായവൻ നമ്മുടെ നബി(ﷺ)യായിരുന്നു. കാരണം അല്ലാഹു അദ്ദേഹത്തെ മഹത്വപ്പെടുത്തുകയുംമുഴുവൻ നബിമാരേക്കാളും ദൂതന്മാരേക്കാളും മറ്റു ജനങ്ങളേക്കാളെല്ലാം സവിശേഷതകൾ അദ്ദേഹത്തിന്ന് നൽകുകയും ചെയ്തിട്ടുണ്ട്. അപ്പോൾ, ആർക്കെങ്കിലും അത് കേൾക്കാൻ സാധിക്കുമായിരുന്നെങ്കിൽ അത് തീർച്ചയായും റസൂലി(ﷺ)നാകുമായിരുന്നു. കൂടാതെ, പ്രവാചകന്റെ (ﷺ) മരണശേഷം എന്തെങ്കിലും കേൾക്കാൻ സാധിക്കുമായിരുന്നെങ്കിൽ തന്റെ സമുദായത്തിന്റെ സ്വലാത്ത് കേൾക്കണമായിരുന്നു.

അപ്പോൾ ഇവിടെ നിന്നും നമുക്ക് അവരുടെ ആ അബദ്ധം- അഥവാ വഴികേട്- മനസ്സിലാകുന്നു. അവർ നബി(ﷺ)യോടല്ല അതിനേക്കാൾ താഴെയുള്ളവരോടാണ് വിളിച്ചുതേടുന്നത് - ഒന്നുകിൽ (മറ്റു) ദൂതന്മാർ, അല്ലെങ്കിൽ (മറ്റു) നബിമാർ, അതുമല്ലെങ്കിൽ സച്ചരിതരായ ആളുകൾ അവർ റസൂലി(ﷺ)നോട് വിളിച്ചുതേടുകയാണെങ്കിലും അദ്ദേഹം അവരുടെ ആ വിളി കേൾക്കുകയില്ല. അതാണ് ഖുർആൻ വ്യക്തമാക്കിയത്:

﴿ إِنَّ ٱلَّذِينَ تَدۡعُونَ مِن دُونِ ٱللَّهِ عِبَادٌ أَمۡثَالُكُمۡ ﴾

“തീർച്ചയായും അല്ലാഹുവിന് പുറമേ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെ പോലുള്ള ദാസന്മാർ മാത്രമാണ്.” (സൂറ. അഅ്റാഫ്: 194)

12. സ്വഹീഹുൽ ജാമിഉസ്സ്വഗീർ (2174)

﴿ إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ ﴾

''നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല.'' (സൂറ. ഫാതിർ: 14)

അപ്പോൾ, മരിച്ചശേഷം ആ വ്യക്തി കേൾക്കുകയില്ല. പ്രത്യേക സന്ദർഭങ്ങളിൽ ബാധകമാകുന്ന തെളിവുകളുണ്ടെന്ന് മാത്രം. അതാണ് ഞാൻ മുമ്പൊരിക്കൽ സൂചിപ്പിച്ച ചെരുപ്പിന്റെ ശബ്ദം കേൾക്കുമെന്നത്. അതിനാൽ, ഈ ചോദ്യത്തിനുള്ള ഇത്തരം ഇവിടെ അവസാനിക്കുന്നു.

**ചോദ്യം (4): ടേപ്പ് റെക്കോർഡർ തുറന്ന് വെച്ച് അതിൽ ഖുർആൻ പാരായണം നടന്നുകൊണ്ടിരിക്കെ, അവിടെ കൂടിയിരിക്കുന്ന ആളുകൾ (മറ്റ്) സംസാരങ്ങളിൽ മുഴുകിയത് കാരണം അത് ശ്രദ്ധിക്കാതിരിക്കുകയാണെങ്കിൽ, അവർ ആ ഖുർആൻ ശ്രദ്ധിക്കാതിരുന്നത് സംബന്ധിച്ച വിധിയെന്താണ്? അവിടെ കൂടിയിരിക്കുന്നവരാണോ, അതല്ല ടേപ്പ് റെക്കാർഡർ തുറന്നവനാണോ കുറ്റക്കാരനാവുക?**

മറുപടി (4) : ഈ വിഷയത്തിനുള്ള മറുപടി ടേപ്പിൽ നിന്നും ഖുർആൻ പാരായണം ചെയ്യപ്പെടുന്ന ആ സദസ്സിന്റെ വ്യത്യാസത്തിനനുസരിച്ച് വ്യത്യാസപ്പെടും. ആ സദസ്സ് വിജ്ഞാനത്തിന്റെയോ, ദിക്റിന്റെയോ, ഖുർആൻ പാരായണത്തിന്റെയോ സദസ്സാണെങ്കിൽ, ആ സാഹചര്യത്തിൽ അതിൽ പൂർണമായ ശ്രദ്ധകൊടുക്കൽ അനിവാര്യമാണ്. അങ്ങനെയാരെങ്കിലും ചെയ്തിട്ടില്ലെങ്കിൽ അവൻ കുറ്റക്കാരനാണ്. കാരണം അത് അല്ലാഹു ഖുർആനിൽ പറഞ്ഞതിനോടുള്ള ധിക്കാരമാണ്:

﴿ وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ ﴾

> ''ഖുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ചുകേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക.'' (സൂറ: അഅ്റാഫ്: 204)

എന്നാൽ, ആ സദസ്സ് വിജ്ഞാനത്തിന്റെയോ, ദിക്റിന്റെയോ, ഖുർആൻ പാരായണത്തിന്റെയോ സദസ്സല്ല. മറിച്ച് ഒരു വീട്ടിൽ ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയോ, പഠിക്കുകയോ വായിക്കുകയോ ചെയ്യുന്ന ഒരു സാധാരണ സദസ്സാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ ടേപ്പ് തുറക്കുകയും വീട്ടിലോ സദസ്സിലോ ഉള്ളരുടെ കാതുകളിലെത്തും വിധം പാരായണത്തിന്റെ ശബ്ദം ഉയർത്തുകയും ചെയ്യരുത്. എന്തെന്നാൽ, ഈയൊരു സാഹചര്യത്തിൽ ഈയാളുകൾ (ഖുർആൻ പാരായണം) ശ്രദ്ധിക്കാൻ ബാധ്യസ്ഥരല്ല. കാരണം, അവർ അതിനുവേണ്ടി ഒത്തുകൂടിയതല്ല. ഇതിന്റെ പേരിൽ ചോദ്യം ചെയ്യപ്പെടുന്നത് ടേപ്പിന്റെ ശബ്ദം ഉയർത്തി മറ്റുള്ളവരെ ആ ശബ്ദം കേൾപ്പിച്ചവനായിരിക്കും. കാരണം, അവനാണല്ലോ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും, അവർ ഖുർആൻ ശ്രദ്ധിക്കാൻ തയ്യാറില്ലാത്ത അവസരത്തിൽ അവരുടെ മേൽ ആ ബാധ്യത കെട്ടിയേൽപ്പിച്ചത്?

ഇതിനുതുല്യമായിട്ടുള്ള ഒരുദാഹരണം പറയാം. നമ്മിലൊരാൾ തെരുവിലൂടെ നടന്നുപോകുകയാണ്. അപ്പോൾ, വെണ്ണവ്യാപാരികളുടെയും മുളക് കച്ചവടക്കാരുടെയും, ഇത്തരം കേസറ്റ് വിൽക്കുന്നവരുടെയും ശബ്ദങ്ങൾ കേൾക്കാം. അതിന്റെ ഫലമായി തെരുവിലുടനീളം ഖുർആന്റെ ശബ്ദം നിറഞ്ഞുനിൽക്കും. നിങ്ങൾ എവിടെ പോയാലും ആ ശബ്ദം കേൾക്കാം. അപ്പോൾ തെരുവിലൂടെ നടക്കുന്നവരെല്ലാം- ഓരോരുത്തരും അവരവരുടെ വഴിക്ക് പോവുകയാണ്- അസ്ഥാനത്ത് പാരായണം ചെയ്യപ്പെടുന്ന ഈ ഖുർആനിന്ന് വേണ്ടി നിശ്ശബ്ദരായിരിക്കാൻ ബാധ്യസ്ഥരാണോ?! അല്ല. ഇതിന്റെ പേരിൽ ചോദ്യം ചെയ്യപ്പെടുന്നത് ഖുർആൻ പാരായണത്തിന്റെ ശബ്ദം കേൾക്കാൻ ജനങ്ങളുടെ മേൽ ബാധ്യത അടിച്ചേൽപിച്ചവനാണ്. അയാൾ അത് സ്വന്തം കച്ചവട താൽപര്യത്തിനുവേണ്ടിയോ ജനങ്ങളുടെ ശ്രദ്ധയാകർഷിക്കാൻ വേണ്ടിയോ, മറ്റു ഭൗതികനേട്ടങ്ങൾക്ക് വേണ്ടിയോ ആകാം ചെയ്യുന്നത്. അപ്പോൾ, ഒരു വീക്ഷണകോണിലൂടെ നോക്കുമ്പോൾ അവർ ഖുർആനിനെ സംഗീതോപകരണങ്ങളെന്ന നിലക്കാണ്

സ്വീകരിക്കുന്നത്-അത് സംബന്ധമായി ചില ഹദീഥുകളിൽ[13] വന്നിട്ടുള്ളത് പോലെ. ശേഷം അവർ അല്ലാഹുവിന്റെ വചനങ്ങളെ തുച്ഛമായ ലാഭത്തിന് വിൽക്കുകയാണ്. ഇതാകട്ടെ, ജൂതന്മാരുടെയും കൃസ്ത്യാനികളുടെയും രീതിക്കും എതിരാണ്. അവരെക്കുറിച്ചാണ് അല്ലാഹു പറഞ്ഞത്.

﴿ ٱشۡتَرَوۡاْ بِـَٔايَٰتِ ٱللَّهِ ثَمَنٗا قَلِيلٗا ﴾

"അവർ അല്ലാഹുവിന്റെ വചനങ്ങളെ തുച്ഛമായ വിലക്ക് വിറ്റുകളഞ്ഞു." (സൂറ. തൗബ:9)

**ചോദ്യം (5) : അല്ലാഹു അവനെക്കുറിച്ച് തന്നെ പറയുന്നു:**

﴿ وَمَكَرُواْ وَمَكَرَ ٱللَّهُۖ وَٱللَّهُ خَيۡرُ ٱلۡمَٰكِرِينَ ﴾

**"അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു.'' (സൂറ. ആലുഇംറാൻ:54)**

**ഒരു പക്ഷേ, ചിലയാളുകളുടെ മനസ്സിൽ, ഈ വചനത്തെക്കുറിച്ച് ബാഹ്യമായ ഒരു ധാരണമാത്രമാണുണ്ടാവുക അത് ചിലപ്പോൾ, വ്യാഖ്യാനിക്കേണ്ട ആവശ്യമുണ്ടാകുകയില്ല. എങ്ങനെയാണ് അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുക?**

മറുപടി (5): അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ചോദ്യം എളുപ്പമാണ്. കാരണം, നമുക്കറിയാൻ സാധിക്കുന്നത് പോലെ, തന്ത്രമെന്നത് (മകർ) എല്ലായ്പ്പോഴും തിന്മയാകണമെന്നില്ല. അതുപോലെത്തന്നെ എല്ലായ്പ്പോഴും നന്മയും ആകണമെന്നുമില്ല. ഒരു പക്ഷേ, ഒരു സത്യനിഷേധി ഒരു മുസ്ലിമിനെതിരെ തന്ത്രം പ്രയോഗിച്ചെന്നുവരും. ആ മുസ്ലിമാകട്ടെ ബുദ്ധിമാനാണ്. അശ്രദ്ധനോ, അവിവേകിയോ അല്ല. സത്യനിഷേധിയായ ആ എതിരാളി

13. അസ്സ്വഹീഹ (979)

യുടെ തന്ത്രത്തെക്കുറിച്ച് അവൻ ബോധവാ നുമാണ്. അങ്ങനെ, സത്യനിഷേധിയുടെ ആ തന്ത്രത്തെ അവൻ വേണ്ട രീതിയിൽ കൈകാര്യം ചെയ്യും. അവസാനം ഈ മുസ്‌ലിം നല്ലൊരു തന്ത്രം പ്രയോഗിച്ച തിന്റെ ഫലമായി ആ സത്യനിഷേധിയുടെ കുതന്ത്രം അവനിലേക്ക് തന്നെ തിരിച്ചുവിടപ്പെടും. ആ മുസ്‌ലിം സത്യനിഷേധിക്കെതിരെ തന്ത്രം പ്രയോഗിച്ചപ്പോൾ, അതിനെ നിയമവിരുദ്ധമായ കാര്യമാണെന്ന് പറയാൻ സാധിക്കുമോ? ഒരാളും അത് പറയുകയില്ല.

ഈ യാഥാർഥ്യം ഒരു പ്രവാചകവചനത്തിൽ നിന്നും എളുപ്പം മനസ്സിലാകും. "യുദ്ധം ഒരു വഞ്ചനയാണ്."(14) ഈ വഞ്ചനയെ ക്കുറിച്ച് പറയപ്പെടാവുന്നത് തന്നെയാണ് തന്ത്രത്തെക്കുറിച്ചും പറയപ്പെടുന്നത്. ഒരു മുസ്‌ലിം തന്റെ മുസ്‌ലിം സഹോദരനെ വഞ്ചിക്കുന്നത് നിഷിദ്ധമാണ്. എന്നാൽ ഒരു മുസ്‌ലിം അല്ലാഹു വിന്റെ ശത്രുവും അവന്റെ ദൂതരുടെ (ﷺ) ശത്രുവായ ഒരു നിഷേധിയെ വഞ്ചിക്കുന്നത് നിഷിദ്ധമല്ല. എന്നല്ല അത് നിർബന്ധ വുമാണ്. അപ്രകാരം തന്നെയാണ്, തനിക്കെതിരെ തന്ത്രം പ്രയോഗി ക്കാനുദ്ദേശിച്ച ഒരു സത്യനിഷേധിക്കെതിരിൽ തന്ത്രം പ്രയോഗിക്കു ന്നതും. ആ സത്യനിഷേധിയുടെ തന്ത്രം നിഷ്ഫലമാകുന്നതിനു വേണ്ടി. ഇത് നല്ല രൂപത്തിലുള്ള തന്ത്രമാണ്. ഇതും മനുഷ്യനാണ്. അതും മനുഷ്യനാണ്. എന്നാൽ കഴിവുറ്റവനും സർവജ്ഞനും യുക്തിജ്ഞനും സർവലോകനിയന്താവിനെക്കുറിച്ച് എന്ത് പറയും?

അവൻ എല്ലാ തന്ത്രജ്ഞരുടെയും തന്ത്രങ്ങളെ നിഷ്ഫലമാ ക്കുന്നു. അതാണ് അല്ലാഹു പറഞ്ഞത്. "അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു." അപ്പോൾ അല്ലാഹു സ്വയം ഈ വിശേഷണം കൊണ്ട് വിവരിക്കുമ്പോൾ, നമ്മുടെ ശ്രദ്ധ തിരിയേണ്ടത്, മനുഷ്യരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന തന്ത്രം എപ്പോഴും ആക്ഷേപാർഹമാകണമെന്നില്ല എന്നതിലേക്കാണ്. കാരണം അവൻ പറഞ്ഞത് "നന്നായി തന്ത്രം പ്രയോഗിക്കുന്ന വനാണ്" എന്നാണ്. അപ്പോൾ തന്ത്രം നന്മക്ക് വേണ്ടിയും തിന്മക്ക് വേണ്ടിയും ഉണ്ട്. നന്മക്ക് വേണ്ടി ആരെങ്കിലും തന്ത്രം

14. ബുഖാരി (3030), മുസ്‌ലിം (1740)

പ്രയോഗിച്ചാൽ അതിനെ ആക്ഷേപിക്കേണ്ടതില്ല. അല്ലാഹു "നന്നായി തന്ത്രം പ്രയോഗിക്കുന്നവനാണ്" എന്നാണ് അവൻ തന്നെ പറഞ്ഞത്.

ചുരുക്കത്തിൽ, ഞാൻ പറയട്ടെ: എന്തെല്ലാം അപായചിന്തകൾ നിങ്ങളുടെ മനസ്സിലുദിക്കുന്നുവോ അതിനെല്ലാം വിരുദ്ധമാണ് അല്ലാഹു. അല്ലാഹുവിന് യോജിക്കാത്ത എന്തെങ്കിലും ഒരു കാര്യം ഒരാൾ വിചാരിച്ചാൽ തനിക്ക് അബദ്ധം പറ്റിയതാണെന്ന് ഉടനെ മനസ്സിലാക്കണം. അതിനാൽ, ഈ വചനം അല്ലാഹുവിനെ പുകഴ്ത്തുകയാണ് ചെയ്യുന്നത്. അല്ലാഹുവിലേക്ക് ചേർത്തുപറയാൻ പറ്റാത്ത ഒന്നും അതിൽ ഇല്ല.

**ചോദ്യം (6) താഴെ കാണുന്ന രണ്ട് ആയത്തുകളെ തമ്മിൽ എങ്ങനെയാണ് യോജിപ്പിക്കുക**

﴿ وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ ﴾

"സൂറ ആലും ഇംറാൻ (3)85" (സൂറ ആലുഇംറാൻ:85)

﴿ إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟
وَٱلصَّٰبِـُٔونَ وَٱلنَّصَٰرَىٰ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ
ٱلْءَاخِرِ وَعَمِلَ صَٰلِحًا فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ
يَحْزَنُونَ ﴾

"സൂറ മാഇദ (5) 69" (സൂറ മാഇദ:69)

മറുപടി (6): ചോദ്യം സൂചിപ്പിക്കുന്നത് പോലെ ഈ രണ്ട് വചനങ്ങൾ തമ്മിൽ വൈരുധ്യമൊന്നുമില്ല. കാരണം രണ്ടാമത് പറഞ്ഞ ആയത്തിൽ "അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" എന്ന് അല്ലാഹു വിശേഷിപ്പിച്ച ആളുകൾക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊടുത്തശേഷമാണ് ഇസ്‌ലാമിനെ

കുറിച്ചുള്ള വചനം (ആലുഇംറാൻ:85)വരുന്നത്. അവരുടെ കൂട്ടത്തിൽ 'സാബിഉ'കളെക്കുറിച്ച് അല്ലാഹു സൂചിപ്പിക്കുന്നുണ്ട്. സാബിഉകളെക്കുറിച്ച പരാമർശം കാണുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്നത് നക്ഷത്രാരാധകരാണ്. എന്നാൽ, യഥാർത്ഥത്തിൽ, തൗഹീദിന്റെ ആളുകളിൽ ഉൾപ്പെട്ടതിന് ശേഷം ശിർക്കിൽ ആപതിച്ച എല്ലാ ആളുകളും (ഈ സംജ്ഞയുടെ പരിധിയിൽ പെടും) സാബിഉകൾ ഒരിക്കൽ ഏകദൈവവിശ്വാസികളായിരുന്നു. പിന്നീട് അവർ ശിർക്കിലേക്കും നക്ഷത്രരാധനയിലേക്കും തിരിഞ്ഞു. അതിനാൽ ഈ ആയത്തിൽ പരാമർശിക്കപ്പെട്ടവരിൽ ഏകദൈവവിശ്വാസികളായ സത്യവിശ്വാസികളും ഉൾപ്പെടും. ഇസ്ലാമിക പ്രബോധനം വരുന്നതിന് മുമ്പ് ഇവർ ജൂതന്മാരെയും കൃസ്ത്യാനികളെയും പോലെയായിരുന്നു. സാബിഉകളെ പരാമർശിച്ച അതേ സ്ഥലത്ത് തന്നെയാണ് അവരെക്കുറിച്ചും പരാമർശിച്ചത്. അക്കാലഘട്ടത്തിൽ തങ്ങളുടെ ദീനിനെ മുറുകെ പിടിച്ചവരാണവർ. അവർ സത്യവിശ്വാസികളിൽപ്പെട്ടവരാണ്. "അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല."

എന്നാൽ, മുഹമ്മദ് നബി(ﷺ)യെ ഇസ്ലാം മതവുമായി നിയോഗിച്ച ശേഷം ഇസ്ലാമിന്റെ ഈ സന്ദേശം ജൂതന്മാരും കൃസ്ത്യാനികളും സാബിഉകളുമായ ആളുകളിൽ എത്തിച്ചു. ഇനി, ഇസ്ലാമല്ലാത്ത യാതൊന്നം (മതമായി) അവരിൽ നിന്നും സ്വീകരിക്കപ്പെടുകയില്ല.

അപ്പോൾ, "ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം" എന്ന വചനത്തിന്റെ ഉദ്ദേശ്യം റസൂലി(ﷺ)ന്റെ നാവിലൂടെ ഇസ്ലാം വരികയും, ഇസ്ലാമികപ്രബോധനം എത്തുകയും ചെയ്തശേഷം ഇസ്ലാമല്ലാത്ത യാതൊന്നും അവരിൽ നിന്നും സ്വീകരിക്കപ്പെടുകയില്ല എന്നാണ്.

എന്നാൽ ഇസ്ലാമുമായി റസൂലി(ﷺ)നെ നിയോഗിക്കുന്നതിന് മുമ്പ് മരിച്ചവരും ഇന്ന് ഭൂമുഖത്ത് ജീവിക്കുകയും എന്നാൽ ഇസ്ലാമികപ്രബോധനം എത്തിച്ചേർന്നിട്ടില്ലാത്തവരും, ഇസ്ലാമി

ന്റെ സന്ദേശം, അതിന്റെ അടിസ്ഥാനങ്ങളും യാഥാർത്ഥ്യങ്ങളും വികൃതമാക്കപ്പെട്ട നിലയിൽ പകർന്നു കിട്ടിയവരും. ഉദാഹരണമായി മുമ്പ് ചില സന്ദർഭങ്ങളിൽ സൂചിപ്പിച്ച ഖാദിയാനികൾ. അവർ ഇന്ന് യൂറോപ്പിലും അമേരിക്കയിലും ഇസ്‌ലാമിക പ്രബോധനവുമായി രംഗത്തിറങ്ങിയിട്ടുണ്ട്. എന്നാൽ അവർ പ്രബോധനം ചെയ്യുന്ന ആ ഇസ്‌ലാം ഒരു നിലക്കും (യഥാർത്ഥ) ഇസ്‌ലാമല്ല. കാരണം അന്ത്യപ്രവാചകനായ മുഹമ്മദ് നബി(ﷺ)ക്ക് ശേഷം പ്രവാചകന്മാർ വരുമെന്നാണ് അവർ വാദിക്കുന്നത്. അപ്പോൾ, ഖാദിയാനീ രൂപത്തിലുള്ള ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെട്ട ഈ അമേരിക്കക്കാർക്കും യൂറോപ്യന്മാർക്കും യഥാർത്ഥ ഇസ്‌ലാമിക സന്ദേശം എത്തിയിട്ടില്ല. അവർ രണ്ടിലൊരു വിഭാഗത്തിലാണ് പെടുക.

ഒന്നാമത്തെ വിഭാഗം, അവർ മുമ്പുണ്ടായിരുന്ന മതത്തിലുള്ളവരും അതിൽ ഉറച്ചുനിന്നവരുമാണ്. "അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" എന്ന വചനത്തെ ആ നിലക്കാണ് സ്വീകരിക്കേണ്ടത്.

രണ്ടാമത്തെ വിഭാഗം ഈ മതത്തിൽ നിന്നും വ്യതിചലിച്ചുപോയവരാണ്. ഇന്നുള്ള മുസ്‌ലിംകളിൽ പലരും ഈ രൂപത്തിലുള്ളവരാണ്. അവരുടെ മേൽ തെളിവ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ, ഇസ്‌ലാമികപ്രബോധനം തീരെ എത്തിപ്പെട്ടിട്ടില്ലാത്തവർ- അവർ ഇസ്‌ലാമിന് മുമ്പുള്ളവരോ ശേഷമുള്ളവരോ ആയാലും- അത്തരം ആളുകൾക്ക് പരലോകത്ത് പ്രത്യേകപരിഗണനയുണ്ട്. അവരെ പരീക്ഷിക്കുന്നതിനുവേണ്ടി ഒരു ദൂതനെ അല്ലാഹു അവരിലേക്ക് നിയോഗിക്കും-ഇഹലോകത്ത് വെച്ച് ജനങ്ങളെ പരീക്ഷിച്ച അതേ രൂപത്തിൽ തന്നെ. അന്ത്യനാളിൽ ആ ദൂതന്റെ ക്ഷണത്തിന് ഉത്തരം നൽകുകയും അദ്ദേഹത്തെ അനുസരിക്കുകയും ചെയ്തവൻ സ്വർഗത്തിൽ പ്രവേശിക്കും. അദ്ദേഹത്തോട് അനുസരണക്കേട് കാണിച്ചവൻ നരകത്തിലും പ്രവേശിക്കും.[15]

15. അസ്സ്വഹീഹ (2468)

**ചോദ്യം (7): അല്ലാഹു പറയുന്നു:**

﴿ وَجَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِىٓ ءَاذَانِهِمْ وَقْرًا ﴾

**“എന്നാൽ അത് അവർ ഗ്രഹിക്കാത്തവിധം അവരുടെ ഹൃദയങ്ങളിന്മേൽ നാം മൂടികൾ ഇടുകയും അവരുടെ കാതുകളിൽ അടപ്പ് വെക്കുകയും ചെയ്തിരിക്കുന്നു” (സൂറ: അൻആം:25) ഈ വചനത്തിൽ (അല്ലാഹുവിന്റെ ഭാഗത്തുനിന്നും) ഒരു ബലപ്രയോഗത്തിന്റെ (ജസർ) സൂചനയുള്ളതായി ചിലർ മനസ്സിലാക്കുന്നു. അതിൽ താങ്കളുടെ അഭിപ്രായമെന്താണ്?**

മറുപടി(7) (ഉപര്യുക്തവചനത്തിൽ പരാമർശിച്ച) ‘വെക്കുക’ ഇടുക എന്നത് പ്രാപഞ്ചിക (കൗനീ) രൂപത്തിലുള്ള വെക്കലാണ്. ഇത് മനസ്സിലാക്കാൻ, ദൈവികോദ്ദേശത്തിന്റെ (അൽഇറാദതുൽ ഇലാഹിയ്യ) അർത്ഥം വിദീകരിക്കേണ്ടതുണ്ട്. ദൈവികോദ്ദേശം രണ്ടായി തരം തിരിച്ചിരിക്കുന്നു.

മതപരമായ ഉദ്ദേശം (ഇറാദത്തുശ്ശറഈ) പ്രാപഞ്ചിക ഉദ്ദേശ്യം (പ്രാപഞ്ചിക) (ഇറാദത്തുൽ കൗനി)

ശറഈ (മതപരം) ആയ ഉദ്ദേശ്യം എന്നത് അല്ലാഹു തന്റെ ദാസന്ന് നിയമമാക്കിനിശ്ചയിച്ച എല്ലാ കാര്യങ്ങളുമാണ്. നിർബന്ധം, ഐച്ഛികം എന്ന വ്യത്യാസമില്ലാതെ എല്ലാ ആരാധനാകർമങ്ങളും ആജ്ഞാനുവർത്തിത്വങ്ങളും അതിൽപ്പെടും. ഈ ആജ്ഞാനവർത്തിത്വങ്ങളും ആരാധനാകർമങ്ങളും അല്ലാഹു ഉദ്ദേശിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു.

പ്രാപഞ്ചിക ഉദ്ദേശ്യം എന്നത് ചിലപ്പോൾ അല്ലാഹു നിയമമാക്കാത്തതാകാം. എന്നാൽ അവൻ കണക്കാക്കിയതാണത്. ഈ ഉദ്ദേശ്യത്തെ (ഇറാദത്ത്)യാണ് പ്രാപഞ്ചികോദ്ദേശം എന്ന്

പറയുന്നത്. ഈ സംജ്ഞ ഉടലെടുത്തത് താഴെ കാണുന്ന അല്ലാഹുവിന്റെ വചനത്തിൽ നിന്നാണ്.

﴿ إِنَّمَآ أَمۡرُهُۥٓ إِذَآ أَرَادَ شَيۡـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ ﴾

“താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ‘ഉണ്ടാകൂ’ എന്ന് പറയുകമാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു.” (സൂറ. യാസീൻ:82) ഇവിടെ ‘ഒരു കാര്യം’ (ശൈഅൻ) എന്നത് അപരിമിതനാമമാണ്. എല്ലാ കാര്യങ്ങളും അതിലുൾപ്പെടും. അത് അനുസരണയായാലും അനുസരണക്കേടാ യാലും സമമാണ്. അത്തരം കാര്യങ്ങൾ നിലവിൽ വരുന്നത് ‘ഉണ്ടാകൂ’ എന്ന് അല്ലാഹു അതിനോട് പറയുന്നത് കൊണ്ടാണ്. അതായത് അവന്റെ ഉദ്ദേശ്യവും വ്യവസ്ഥയും തീരുമാനവുമനു സരിച്ച്. അപ്പോൾ അനുസരണമെന്നോ, അനുസരണക്കേടെന്നോ വ്യത്യാസമില്ലാതെ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചികോദ്ദേശത്തോടെ മനസ്സിലാക്കിക്കഴിഞ്ഞാൽ, അത് ഖളാ-ഖദ്റിന്റെ വിഷയത്തിലേക്ക് നമ്മെ അനിവാര്യമായും ചെന്നെത്തിക്കും. കാരണം അല്ലാഹു പറഞ്ഞു: “താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ‘ഉണ്ടാകൂ’ എന്ന് പറയുക മാത്രമാകുന്നു. അവന്റെ കാര്യം അപ്പോഴതാ അതുണ്ടാകുന്നു. അതിന്റെയർത്ഥം അവൻ ‘ഉണ്ടാകൂ’ എന്ന് പറഞ്ഞ വസ്തു അവന്റെ തീരുമാനമനു സരിച്ച് അനിവാര്യമായും ഉണ്ടാകും. എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ തീരുമാനമനുസരിച്ചുള്ളതാണ്. അതിൽനന്മയും തിന്മയും എല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ അല്ലാഹുവിന്റെ കൽപനകൾക്കും നിർബന്ധബാധ്യതകൾക്കും വിധേയരായ മനുഷ്യരും ജിന്നുകളുമടങ്ങുന്ന രണ്ട് സമൂഹങ്ങളുടെ മേലുള്ള ബാധ്യത നാം നിലകൊള്ളുന്നതിനെക്കുറിച്ച് ചിന്തിക്കുക എന്നതാണ്. നാം നിലകൊള്ളുന്നത് ഒന്നുകിൽ ശുദ്ധമായ നമ്മുടെ ഉദ്ദേശത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും. അല്ലെങ്കിൽ നമ്മുടെ ഇച്ഛകൾക്കനുസരിച്ചായിരിക്കും. അല്ലെങ്കിൽ നമ്മുടെ ഇച്ഛകൾക്കനുസരിച്ചായിരിക്കും. ഈ രണ്ടാമത്തെ വിഭാഗം അനുസരണയും അനുസരണക്കേടുമായി ബന്ധപ്പെട്ടതല്ല. അതിന്റെ പര്യവസാനം സ്വർഗനരകങ്ങളുമല്ല.

മതപരമായ വിധികൾ മുഴുവൻ ഈ ഒന്നാമത്തെ വിഭാഗത്തിന് ചുറ്റിലുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഒരാൾക്ക് സ്വർഗം ലഭിക്കുന്നതും നരകം ലഭിക്കുന്നതും. അതായത്, ഒരു മനുഷ്യൻ തന്റെ ഉദ്ദേശത്തിന്നനുസരിച്ച് പ്രവർത്തിക്കുന്നതും, തന്റെ കഴിവും സ്വാതന്ത്ര്യവുമനുസരിച്ച് അതിലേക്ക് പരിശ്രമിക്കുന്നതുമായ കാര്യങ്ങൾക്കാണ് അവൻ കണക്ക് ബോധിപ്പിക്കേണ്ടി വരിക. അത് നന്മയാണെങ്കിൽ അവന്ന് നന്മയുണ്ടാകും. അത് തിന്മയാണെങ്കിൽ അവന്ന് തിന്മയുണ്ടാകും.

ഒരു മനുഷ്യന് തന്റെ ഭൂരിഭാഗം കർമങ്ങൾക്കും പ്രവർത്തന സ്വാതന്ത്ര്യമുണ്ട് എന്നത് കൊണ്ട് മതപരമായും ബുദ്ധിപരമായും അതിൽ തർക്കിക്കാൻ അവകാശമില്ല എന്നതാണ് യാഥാർത്ഥ്യം.

മതപരമായി കൽപിക്കപ്പെട്ടത് ചെയ്യാനും വിരോധിക്കപ്പെട്ടത് വെടിയാനും ഒരു മനുഷ്യന് സാധിക്കുമെന്ന് വ്യക്തമാക്കുന്ന ഖുർആനിലെയും സുന്നത്തിലെയും ധാരാളം ഉദ്ധരണികളുണ്ട്. ഇവിടെ പരാമർശിക്കാൻ സാധിക്കാത്തത്രയും കൂടുതലാണ് അത്.

ബുദ്ധിപരമായി ഒരാൾ സംസാരിക്കുമ്പോഴും നടക്കുമ്പോഴും തിന്നുമ്പോഴും കുടിക്കുമ്പോഴും തന്റെ സ്വാതന്ത്ര്യത്തിനനുസരിച്ചുള്ള ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും മറ്റുള്ളവരുടെ ബലപ്രയോഗമില്ലാതെ അവൻ ആ കർമം സ്വയം തെരഞ്ഞെടുക്കുന്നതാണ്. ഇച്ഛകൾക്കും ചാപല്യങ്ങൾക്കും അടിപ്പെട്ടിട്ടില്ലാത്ത ഏതൊരാൾക്കും വ്യക്തമാകുന്ന സംഗതിയാണിത്. ഞാൻ ഇപ്പോൾ സംസാരിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ സ്വാഭാവികമായും എന്നിൽ അത് അടിച്ചേൽപിക്കാൻ ആരുമില്ല. എങ്കിലും (എന്റെ) ഈ സംസാരം (മുൻകൂട്ടി) വിധിക്കപ്പെട്ടതാണ്. മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടും ഞാനിത് സംസാരിക്കുന്നു എന്നതിന്റെയർഥം എനിക്ക് പറയുകയും സംസാരിക്കുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും അതോടൊപ്പം തീരുമാനിക്കപ്പെട്ടിട്ടുണ്ട് എന്നാണ്. എന്നാൽ, ഞാൻ പറയുന്നതിൽ സംശയമുള്ളവർക്ക് ഈ സംസാരത്തിന്റെ വിഷയത്തിൽ എനിക്ക് സ്വാതന്ത്ര്യമുണ്ടെന്ന് തെളിയിക്കുന്നതിന് വേണ്ടി നിശബ്ദനായിരിക്കുവാനും എനിക്ക് സാധിക്കും.

അതിനാൽ, ഏത് സമയത്തും മനുഷ്യന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന വസ്തുത എതിർക്കപ്പെടാനും

തർക്കിക്കാനും സാധിക്കാത്ത ഒന്നാണ്. ഈ വസ്തുതക്കെതിരിൽ തർക്കിക്കുന്നവൻ വിതണ്ഡവാദങ്ങളുന്നയിക്കുയും അംഗീകൃതത്വത്തിൽ സന്ദേഹങ്ങളുണ്ടാക്കുന്നവനുമാണ്. ഒരാൾ ഈയൊരവസ്ഥയിലെത്തിയാൽ അവനോടുള്ള സംസാരം നിർത്തണം.

അതിനാൽ മനുഷ്യരുടെ കർമങ്ങൾ രണ്ടായി തിരിച്ചിരിക്കുന്നു.

1. അവന്റെ സ്വാതന്ത്ര്യത്തിനനുസരിച്ച് ചെയ്യുന്നത്.
2. നിർബന്ധത്തിന്റെ ഫലമായി ചെയ്യുന്നത്.

നിർബന്ധത്തിന്റെ ഫലമായി ചെയ്യുന്ന കർമങ്ങളെ കുറിച്ച് നമുക്കൊന്നും പറയാനില്ല. മതപരമായ ഭൗതികപരമായോ സ്വാതന്ത്ര്യമുള്ള മേഖലയെക്കുറിച്ച് മാത്രമാണ് മതത്തിന് ഉത്കണ്ഠയുള്ളത്. ഇതാണ് വസ്തുത. ഇത് നമ്മുടെ മനസ്സിൽ നട്ടുപിടിപ്പിച്ചാൽ മുമ്പ് പറഞ്ഞ ആയത്ത് വേഗം മനസ്സിലാക്കാൻ സാധിക്കും. ''അവരുടെ ഹൃദയങ്ങളിന്മേൽ നാം ഒരു മൂടി ഇടുകയും'' എന്ന ആയത്ത്. ഇവിടെ 'ഇടുക' എന്നുള്ളത് പ്രാപഞ്ചികമാണ്. മുമ്പ് പറഞ്ഞ ഒരു വചനം നാം പരാമർശിക്കൽ അനിവാര്യമാണ്. "താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ..." ഇവിടെയുള്ള 'ഉദ്ദേശ്യം' പ്രാപഞ്ചികമായ ഉദ്ദേശമാണ്. എന്നാൽ അല്ലാഹു ഹൃദയങ്ങളിന്മേൽ മൂടിയിട്ട ആളുകളുടെ ഇച്ഛകൾക്ക് എതിരായിട്ടല്ല ഇത് ചെയ്യുന്നത്.

ഭൗതികകാഴ്ചപ്പാടിലൂടെയുള്ള ഒരുദാഹരണം കാണുക. ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെടുമ്പോൾ അവന്റെ മാംസം മൃദുവും ബലഹീനവുമായ അവസ്ഥയിലാണ്. പിന്നീട്, പ്രായമാകുന്തോറും മാംസം കടുത്തതാവുകയും എല്ലുകൾ ശക്തമാവുകയും ചെയ്യും. എന്നാൽ എല്ലാ മനുഷ്യരും ഇതേ രൂപത്തിലല്ല. ഉദാഹരണത്തിന്, ഒരു വ്യക്തി ശാസ്ത്രത്തിലോ അല്ലെങ്കിൽ വിജ്ഞാനത്തിന്റെ ഏതെങ്കിലും ഒരു ശാഖയിൽ മുഴുകാൻ തീരുമാനിച്ചു. അവനിൽ ഏത് ഭാഗമാണ് ശക്തിപ്പെട്ടുവരിക? അവന്റെ ബുദ്ധിയാണ് ശക്തിപ്പെട്ടുവരിക. അവൻ ഏത് മേഖലയിൽ മുഴുകുന്നുവോ ആ മേഖലയിൽ അവന്റെ മനസ്സ് ശക്തിപ്പെട്ടുവരും. അവന്റെ പരിശ്രമം മുഴുവൻ അതിന് വേണ്ടിയാക്കുകയും ചെയ്യും. ശാരീരികമായി നോക്കുമ്പോൾ, അവന്റെ ശരീരം ശക്തിപ്പെടുകയില്ല. മാംസപേശികൾ പുഷ്ടിപ്പെടുകയുമില്ല.

ഇതിന്റെ നേർവിപരീതവും സത്യമാണ്. ശരീരം നന്നായി ശ്രദ്ധിക്കുന്ന ഒരു വ്യക്തിയുണ്ടാകാം. അവൻ എല്ലാ ദിവസവും വ്യായാമങ്ങളിലും ശാരീരികപരിശീലനങ്ങളിലും മുഴുകും. ഇന്ന് നാം പറയാറുള്ളത് പോലെത്തന്നെ. അങ്ങനെയുള്ള ഒരുവന്റെ മാംസപേശികൾ പുഷ്ടിപ്പെടുകയും ശരീരം ബലവത്താകുകയും ചെയ്യും. നാമിന്ന് ചിലപ്പോഴൊക്കെ കാണാറുള്ളത് പോലെയുള്ള ഒരു രൂപലാവണ്യം അവനിൽ ആർജിച്ചുവരും ചിലപ്പോൾ ചിത്രങ്ങളിൽ കാണാറുള്ളത് പോലെ ശരീരം മുഴുവൻ പേശികളായിത്തീരും. ഈ വ്യക്തിയെ ഈ രൂപത്തിലാണോ സൃഷ്ടിക്കപ്പെട്ടത്? അതല്ല, മാംസപേശികൾ കൊണ്ട് നിറഞ്ഞ ആ ബലവത്തായ ശരീരം അവൻ പിന്നീട് അവന്റെ പരിശ്രമഫലമായി ആർജിച്ചെടുത്തതാണോ? ഇത് അവന്ന് സ്വന്തം പരിശ്രമത്തിന്റെയും പ്രവർത്തന സ്വാതന്ത്ര്യത്തിന്റെയും ഫലമായി ലഭിച്ച ഒരു കാര്യമാണ്.

ഇതുതന്നെയാണ് വഴികേടിലും നിരാസത്തിലും അവിശ്വാസത്തിലും നിഷേധത്തിലും അകപ്പെട്ട മനുഷ്യന്റെ ഉദാഹരണവും അവന്റെ ഹൃദയങ്ങളിന്മേൽ മൂടി ഇടേണ്ട അവസ്ഥ അവന്ന് വരും. അല്ലാഹു അടിച്ചേൽപിച്ചത് കൊണ്ടോ, ബലം പ്രയോഗിച്ചത് കൊണ്ടോ അല്ല. മറിച്ച്, അവന്റെ കർമങ്ങളുടെയും പ്രവർത്തന സ്വാതന്ത്ര്യത്തിന്റെയും ഫലമായി മാത്രം.

അപ്പോൾ, ഇതാണ് അവിശ്വാസികളായ ഈ ആളുകൾ സമ്പാദിച്ച പ്രാപഞ്ചികമായ 'വെക്കൽ' അവർ സ്വയം ഈ അവസ്ഥയിലെത്തിയതാണ്. അവർ അടിച്ചേൽപിക്കപ്പെട്ടതാണെന്ന് വിവരമില്ലാത്തവർ ധരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ അത് അവരുടെ മേൽ അടിച്ചേൽപിക്കപ്പെട്ടതല്ല. മറിച്ച്, അവരുടെ കൈകൾ സമ്പാദിച്ചത് നിമിത്തമാണ്. അല്ലാഹു അടിമകളോട് അനീതി കാണിക്കുന്നവനല്ല.

## ചോദ്യം (8) മുസ്ഹഫ് ചുംബിക്കുന്നതിനെക്കുറിച്ചുള്ള വിധിയെന്താണ്?

മറുപടി (8) നമ്മുടെ വിശ്വാസത്തിൽ, ഈ പ്രവൃത്തി ചില ഹദീഥുകളിലെ പൊതു ആശയത്തിലുൾപ്പെടും. പ്രവാചകൻ (ﷺ) പറഞ്ഞു:

" إياكم ومحدثات الأمور فإن كل محدثة بدعة ، و كل محدثة بدعة، وكل بدعة ضلالة"

“നിങ്ങൾ പുതുനിർമിതികളെ സൂക്ഷിക്കുക. കാരണം എല്ലാ പുതുനിർമ്മിതികളും ബിദ്അത്താണ്. എല്ലാ ബിദ്അത്തും വഴിപിഴവുമാണ്.”[16]

മറ്റൊരു റിപ്പോർട്ടിൽ "وكل ضلالة في النار" “എല്ലാ വഴികേടും നരകത്തിലാണ്.”[17]

ഈ വിഷയകമായി ധാരാളം ആളുകൾ ഒരു പ്രത്യേക നിലപാട് സ്വീകരിക്കുന്നതായി കാണാം. അവർ പയും: “അതിലെന്താണ് തെറ്റ്?! പരിശുദ്ധഖുർആനിനോട് സ്നേഹാദരവുകൾ പ്രകടിപ്പിക്കുന്നതിന്റെ ഒരു രൂപം മാത്രമാണിത്.” അവരോട് നാം പറയും: “ശരി, അത് സത്യമാണ്. ഇത് ഖുർആനിനോടുള്ള സ്നേഹ വും ആദരവും മാത്രമാണ് കാണിക്കുന്നത്! എന്നാൽ, അല്ലാഹുവിന്റെ ദൂതരു(ﷺ)ടെ അനുചരന്മാർ ഉൾക്കൊള്ളുന്ന ആദിമതലമുറക്ക് സ്നേഹാദരവിന്റെ ഈ രീതി അറിഞ്ഞിരുന്നില്ലെ ന്നാണോ? അവരുടെ പിൻഗാമികൾക്കും (താബിഉകൾ) അവരുടെ പിൻഗാമികൾക്കും (താബിഉത്താബിഉകൾ) അത് അറിഞ്ഞില്ലെന്നാ ണോ?” ഇവരുടെ മറുപടി സലഫുകിലെ പണ്ഡിതന്മാർ പറഞ്ഞ രൂപത്തിലായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. “അത് നന്മയായിരുന്നെങ്കിൽ, അവർ അതിൽ നമ്മെ മുൻകടക്കുമാ യിരുന്നു.”

ഇത് ഒരു കാര്യം. ഇനി മറ്റൊന്ന് “എന്തെങ്കിലും ഒരു വസ്തു വിനെ ചുംബിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്- അത് അനുവദനീയമാണോ അതോ നിഷിദ്ധമോ?”

രണ്ടു ശൈഖുമാർ (ബുഖാരി, മുസ്ലിം) തങ്ങളുടെ സ്വഹീഹുകളിൽ ഉദ്ധരിച്ച ഒരു ഹദീഥ് ഇവിടെ പരാമർശിക്കൽ അനിവാര്യമാണ്. ഒരു ഓർമപ്പെടുത്തൽ എന്ന നിലക്കും ഇന്നത്തെ മുസ്ലിംകൾ സച്ചരിതരായ തങ്ങളുടെ മുൻഗാമികളിൽ നിന്നും

16. സ്വഹീഹുത്തർഗീബ് വത്തർഹീബ് (1/92/34)
17. സ്വലാത്തുത്തറാവീഹ് (പേജ് 75)

അറിവിന്റെ വിഷയത്തിലും ഒരു പുതിയ കാര്യമുണ്ടായാൽ അത് കൈകാര്യം ചെയ്യുന്ന രീതിയിലും എത്രത്തോളം അകന്നുപോയി എന്ന് അറിയിക്കുന്നതിന് വേണ്ടിയും.

ഇതാണ് ഹദീഥ്: അബ്ബാസ് ഇബ്നു റബീഅ നിവേദനം:

"إني لأعلم أنك حجر لا تنفع ولا تضر ولولا أني رأيت رسول الله صلى الله عليه وسلم يقبلك ما قبلتك"

“ഉമറുബ്നുൽ ഖത്വാബ് (ﷺ) (കറുത്ത) കല്ലിനെ ചുംബിച്ചു കൊണ്ട് ഇപ്രകാരം പറയുന്നത് ഞാൻ കണ്ടു: “നീ വെറുമൊരു കല്ലാണ്; ഒരുപദ്രവും ഉപകാരവും ചെയ്യാൻ നിന്നെക്കൊണ്ട് സാധിക്കുകയില്ലെന്ന് എനിക്കറിയാം. റസൂൽ (ﷺ) നിന്നെ ചുംബിക്കുന്നത് കണ്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കില്ലായിരുന്നു.”[18]

ഫാറൂഖിന്റെ ഈ സംസാരത്തിന്റെ അർത്ഥമെന്താണ്? അതായത് “റസൂൽ (ﷺ) നിന്നെ ചുംബിക്കുന്നത് കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല.”

അപ്പോൾ, ഉമർ എന്തിനാണ് ഹജറുൽ അസ്വദിനെ ചുംബിച്ചത്? അത് സ്വഹീഹായ ഹദീഥിൽ വന്നത് പോലെ "الحجر الأسود من الجنة" “ഹജറുൽ അസ്വദ് സ്വർഗത്തിൽ നിന്നുള്ളതാണ്”[19] എന്നായത് കൊണ്ടാണോ?

അദ്ദേഹം ചുംബിച്ചത് അദ്ദേഹത്തിന്റെ മനസ്സിലുദിച്ച ഏതെങ്കിലും തത്വചിന്തയുടെ അടിസ്ഥാനത്തിലാണോ? ഈ ചോദ്യമുന്നയിച്ചവർ ഈ വിഷയത്തിൽ അവരുടെ യുക്തിയാണല്ലോ ഉപയോഗിച്ചത്. അവർ പറയും: “ഇത് അല്ലാഹുവിന്റെ ‘കലാം’ ആണ്, നാം അതിനെ ചുംബിക്കും!”

ഉമർ ഇങ്ങനെ പറഞ്ഞുവോ “ഈ കല്ല് സ്വർഗത്തിൽ നിന്നുള്ള ഒരവശിഷ്ടമാണ്. സൂക്ഷ്മത പാലിക്കുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തതാണത്. അതിനാൽ ഞാൻ അതിനെ

18. സ്വഹീഹുത്തർഗീബ് വത്തർഹീബ് (1/94/41)
19. സ്വഹീഹുൽ ജാമിഉസ്സ്വഗീർ (3174)

ചുംബിക്കും. അതിനെ ചുംബിക്കുന്നത് മതപരമായി അനുവദനീയമാണെന്ന് തെളിയിക്കുന്നതിന് റസൂലി(ﷺ)ൽ നിന്നുള്ള വചനമൊന്നും എനിക്കാവശ്യമില്ല." (എന്ന് ഉമർ പറഞ്ഞോ)?!

അതല്ല, ഇന്ന് നാം പ്രബോധനം ചെയ്യുകയും സലഫീ മുദ്രാവാക്യമായി അറിയപ്പെടുകയും ചെയ്യുന്ന 'റസൂലി(ﷺ)നെയും അദ്ദേഹത്തിന്റെ മാർഗത്തിൽ ചരിക്കുന്നവരെയും ആത്മാർത്ഥമായി പിൻപറ്റുക' എന്ന മുദ്രാവാക്യമായി, ഇന്ന് ചിലയാളുകൾ വിളിക്കാനിഷ്ടപ്പെടുന്നത് പോലെയുള്ള 'ശാഖാപരമായ' ഈ കാര്യത്തെ കണക്കാക്കുകയായിരുന്നുവോ? ഇതാണ് ഉമറിന്റെ നിലപാട്. അദ്ദേഹം പറയുന്നു: "റസൂൽ (ﷺ) നിന്നെ ചുംബിക്കുന്നത് കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല."

അപ്പോൾ ഇത്തരം ചുംബിക്കലുകളുടെ അടിസ്ഥാനം പൂർവികചര്യകളിലുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. നാം മുമ്പ് സൂചിപ്പിച്ചത് പോലെ നമ്മുടെ ഇച്ഛകൾക്കനുസരിച്ച് തീരുമാനിക്കലല്ല നാം (ചിലപ്പോൾ) ചോദിക്കും: "ഇത് നല്ലതാണ്. അതിലെന്താണ് തെറ്റ്?" എന്ന്!

അബൂബക്കറും ഉമറും കൂടി ഖുർആൻ നഷ്ടപ്പെട്ടുപോകുന്നതിൽ നിന്നും സംരക്ഷിക്കാൻ അത് സമാഹരിക്കുന്നതിനുവേണ്ടി സൈദ് ഇബ്നുഥാബിതിനെ ഏൽപിച്ചപ്പോൾ, അദ്ദേഹത്തിന്റെ പ്രതികരണമെന്തായിരുന്നുവെന്ന് നിങ്ങളും എന്നോടൊപ്പം സ്മരിക്കുക. അദ്ദേഹം ചോദിച്ചു: "റസൂൽ (ﷺ) ചെയ്യാത്ത ഒരു കാര്യം നിങ്ങളെന്തിനാണ് ചെയ്യുന്നത്?"[20]

ഇന്നത്തെ മുസ്ലിംകളുടെയടുക്കൽ മതത്തെക്കുറിച്ച ഇങ്ങനെയൊരു ധാരണ തീരെയില്ല. "റസൂൽ (ﷺ) ചെയ്യാത്ത ഒരു കാര്യം നിങ്ങളെന്തിനാണ് ചെയ്യുന്നത്?'' എന്ന് മുസ്ഹഫ് ചുംബിക്കുന്ന ഒരാളോട് ചോദിക്കുകയാണെങ്കിൽ വളരെ വിചിത്രമായ മറുപടികളായിരിക്കും നിങ്ങൾക്ക് ലഭിക്കുക. അത് (ചിലപ്പോൾ) "എന്റെ സോദരാ! അതിലെന്താണ് തെറ്റ്?! ഞാൻ ഖുർആനിനോട് ആദരവ് കാണിക്കുക മാത്രമാണ് ചെയ്യുന്നത്!"

20. സ്വഹീഹുൽബുഖാരി (ഇംഗ്ലീഷ് വിവ: വാള്യം 6 ന:201)

എന്ന മറുപടിയായിരിക്കും. അപ്പോൾ അവനോട് ചോദിക്കുക. “എന്റെ സഹോദരാ! ഈ വാക്കുകൾ നിനക്ക് തന്നെ എതിരാണ്! ഖുർആനിനോട് ആദരവ് കാണിച്ചിട്ടില്ലെ? റസൂൽ (ﷺ) ഖുർആനിനോട് ആദരവ് കാണിച്ചിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. എന്നിട്ടും അദ്ദേഹം ഖുർആനിനെ ചുംബിച്ചിട്ടില്ല.” അതല്ലെങ്കിൽ അവർ പറയും: “നിങ്ങൾ ഖുർആൻ ചുംബിക്കുന്നതിനെ നമ്മോട് വിലക്കുന്നു! എന്നാൽ നിങ്ങൾ കാറിൽ സഞ്ചരിക്കുന്നു, വിമാനത്തിൽ യാത്ര ചെയ്യുന്നു, ഇതെല്ലാം ബിദ്അത്തല്ലേ?!” ഇതിനുള്ള ഖണ്ഡനം നാം നേരത്തെ കേട്ടതുപോലെ വഴികേടിലാകുന്ന ബിദ്അത്ത് മതപരമായ കാര്യത്തിലാണ് സംഭവിക്കുക.

എന്നാൽ ഭൗതികകാര്യങ്ങളിലുള്ള ബിദ്അത്ത് (പുതുനിർമ്മിതി), നാം മുമ്പ് സൂചിപ്പിച്ചത് പോലെ ചിലത് അനുവദനീയവും ചിലത് നിഷിദ്ധവുമാകും. അങ്ങനെയാണ് ഇത് അറിയിപ്പെടുന്ന ഒരു സംഗതിയാണ്. അതിന് ഉദാഹരണങ്ങളൊന്നും ആവശ്യമില്ല.

ഹജ്ജ് ചെയ്യുന്നതിന് വേണ്ടി ഒരാൾ അല്ലാഹുവിന്റെ പരിശുദ്ധ ഭവനത്തിലേക്ക് വിമാനത്തിൽ യാത്ര ചെയ്യുകയാണ്. അത് അനവദനീയമാണെന്ന കാര്യത്തിൽ സംശയമില്ല. ഇനി, ഒരാൾ പടിഞ്ഞാറൻ നാടുകളിലേക്ക് തീർത്ഥാടനത്തിന്നായി വിമാനത്തിൽ യാത്ര ചെയ്യുകയാണ്. അത് നിഷിദ്ധമാണെന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ പോകുന്നു....

ഇനി, ആരാധനാ വിഷയങ്ങളിൽ, ആരെങ്കിലും ചോദിക്കപ്പെടുകയാണെങ്കിൽ: ‘‘നിങ്ങളെന്തിനാണ് അത് ചെയ്യുന്നത്?’’ അവന്റെ മറുപടി: ‘‘അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ!”

ഞാൻ പറയുന്നു: അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗം അല്ലാഹു മതപമായി നിശ്ചയിച്ചതിലൂടെ മാത്രമാണ്. എന്നാൽ, എനിക്ക് ചില കാര്യങ്ങൾ നിങ്ങളെ ഓർമപ്പെടുത്താനുണ്ട്. ‘‘എല്ലാ ബിദ്അത്തുകളും വഴികേടാണ്’’ എന്ന തത്വത്തെ അംഗീകരിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നതിൽ വളരെ പ്രധാനപ്പെട്ടതാണ് അതെന്ന് ഞാൻ വിശ്വസിക്കുന്നു. അതിൽ എന്റെ യുക്തിയുടെ അംഗീകാരത്തിന് യാതൊരു സ്ഥാനവുമില്ല.

സലഫുകളിൽ ചിലർ പറയും: ''ഒരു സുന്നത്തിനെ മരിപ്പിച്ചിട്ടില്ലാതെ ഒരു ബിദ്അത്തും പുതുതായുണ്ടാകുന്നില്ല.''

കൈകൊണ്ട് തൊട്ടറിയുന്നത് പോലെയാണ് ഞാൻ ഈ വസ്തുതയെ കൈകാര്യം ചെയ്യുന്നത്. (മത) കാര്യങ്ങളിലെ പുതുനിർമ്മിതിക്ക് വേണ്ടിയുള്ള സൂക്ഷ്മപരിശോധനയിലും അവ റസൂൽ (ﷺ) കൊണ്ടുവന്നതിന് എതിരാകുന്നതെങ്ങനെയന്ന അന്വേഷണത്തിലും മുഴുകിയത് കൊണ്ടാണത്.

യഥാർത്ഥത്തിലുള്ള ശ്രേഷ്ഠരും ജ്ഞാനികളുമായ ആളുകൾ, പാരായണം ചെയ്യുന്നതിനായി ഖുർആൻ എടുത്താൽ അവർ അതിനെ ചുംബിക്കുന്നത് നിങ്ങൾ കാണുകയില്ല. അതിലുള്ളതിനനുസൃതമായി പ്രവർത്തിക്കുക മാത്രമാണ് അവർ ചെയ്യുക. എന്നാൽ, തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാൻ കൃത്യമായ നിയമങ്ങളും മാർഗദർശനങ്ങളൊന്നുമില്ലാത്ത സാധാരണ ജനങ്ങളാകട്ടെ, അവർ ചോദിക്കും: ''അതിലെന്താണ് തെറ്റ്?'' എന്ന്. (എന്നാലും) അതിലുള്ളതിനനുസൃതമായി പ്രവർത്തിക്കാൻ അവർ തയ്യാറല്ല. അതുകൊണ്ട് നാം പറയുന്നു: ഒരു സുന്നത്തിനെ മരിപ്പിച്ചുകൊണ്ടല്ലാതെ ഒരു ബിദ്അത്തും പുതുതായുണ്ടാകുന്നില്ല''

ഈ ബിദ്അത്തിന് സമാനമായ മറ്റൊരു ബിദ്അത്ത് കൂടിയുണ്ട്. 'മുഅദ്ദിൻ' (ബാങ്ക് വിളിക്കുന്നയാൾ) ബാങ്ക് വിളിക്കുന്നത് കേട്ടാൽ ചിലയാളുകൾ ഈമാനിന്റെ ചെറിയൊരംശം ബാക്കിയുള്ള തെമ്മാടികളാണെങ്കിൽ പോലും എഴുന്നേറ്റ് നിൽക്കും! ''എന്തിനാണ് എഴുന്നേറ്റ് നിൽക്കുന്നത്?'' എന്ന് അവരോട് ചോദിച്ചാൽ അവർ പറയും: "അല്ലാഹുവോടുള്ള ആദരവ് കൊണ്ട്"!! അവരാകട്ടെ, പള്ളിയിലേക്ക് പോകുകയില്ല! അവർ (ആ സമയത്ത്) ചതുരംഗത്തിലും ചൂതിലും അതുപോലുള്ള കളികളിലും മുഴുകിയിരിക്കും. എന്നാലും എഴുന്നേറ്റ് നിന്നത് കൊണ്ട് തങ്ങളുടെ റബ്ബിനെ ആദരിക്കലായി എന്നവർ വിശ്വസിക്കുന്നു. എവിടെ നിന്നാണ് ഈ രൂപത്തിലുള്ള എഴുന്നേറ്റ് നിൽക്കൽ വന്നത്?! സ്വാഭാവികമായും അത് യാതൊരടിസ്ഥാനവുമില്ലാത്ത ഒരു വ്യാജഹദീഥിൽ നിന്നും വന്നതാണ്. അത് "ബാങ്ക് വിളിക്കുന്നത് കേട്ടാൽ, നിങ്ങൾ എഴുന്നേറ്റ് നിൽക്കുക."[21] (എന്ന ഹദീഥാണ്)!

21. അള്ളഈഫ (711)

ഈ ഹദീഥിന് ഒരു ഉറവിടമുണ്ട്. എന്നാൽ, അത് ചില ദുർബല നിവേദകരിൽ നിന്നും വ്യാജവാദികളിൽ നിന്നും വികൃതമാക്കപ്പെട്ട നിലക്ക് വന്നതാണ്. ആ ഹദീഥിൽ 'ഖുലൂ' (പറയുക) എന്നതിന് പകരം 'ഖൂമൂ' (എഴുന്നേറ്റ് നിൽക്കുക) എന്നാക്കിയതാണ്. ശേഷം ആ സ്വഹീഹായ ഹദീഥിനെ മുറിച്ച് മാറ്റി. 'ബാങ്ക് വിളിക്കുന്നത് കേട്ടാൽ, അദ്ദേഹം പറയുന്നത് പോലെ നിങ്ങളും പറയുക (ഖൂലൂ) ശേഷം എന്റെ മേൽ സ്വലാത്ത് ചൊല്ലുക...."[22] തുടങ്ങി ഹദീഥിന്റെ ഒടുക്കം വരെ.

പിശാച് എങ്ങനെയാണ് മനുഷ്യന്ന് ബിദ്അത്തിനെ അലങ്കാരമാക്കിയതെന്ന് നോക്കുക. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുന്ന മുഅ്മിനുകളാണ് എന്ന് അവർ സ്വയം തൃപ്തിപ്പെടുകയും ചെയ്യുന്നു. മുസ്ഹഫ് എടുത്താൽ ചുംബിക്കുന്നതും ബാങ്ക് കേട്ടാൽ ഏഴുന്നേറ്റ് നിൽക്കുന്നതും അതിനുള്ള തെളിവാണല്ലോ?!!

എന്നാൽ അവൻ ഖുർആനനുസരിച്ച് പ്രവർത്തിക്കുമോ? ഖുർആനനുസരിച്ച് അവൻ പ്രവർത്തിക്കുകയില്ല! ഉദാഹരണത്തിന്, അവൻ നമസ്കരിച്ചെന്ന് വരും. എന്നാൽ അവൻ നിഷിദ്ധമായ പലിശ തീറ്റാതിരിക്കുമോ? പലിശ തിന്നാതിരിക്കുമോ? പലിശ തീറ്റാതിരിക്കുമോ? ജനങ്ങൾക്കിടയിൽ അല്ലാഹുവോടുള്ള ധിക്കാരം വർദ്ധിപ്പിക്കുന്ന വഴികൾ പ്രചരിപ്പിക്കാതിരിക്കുമോ? അത് ചെയ്യാതിരിക്കുമോ? ഇത് ചെയ്യാതിരിക്കുമോ? ഇങ്ങനെ അറ്റമില്ലാത്ത ധാരാളം ചോദ്യങ്ങൾ. അതിനാൽ, അല്ലാഹു നമുക്ക് നിയമമാക്കിയ ആരാധനകളിലും ആജ്ഞാനുവർത്തിത്വങ്ങളിലും നാം തൃപ്തിയടയുന്നു. അതിൽ ഒരക്ഷരം പോലും നാം വർദ്ധിപ്പിക്കുകയില്ല. കാരണം പ്രവാചകൻ (ﷺ) ഇപ്രകാരമാണ് പറഞ്ഞത്:

"ما تركت شيئاً مما أمركم الله به إلا وقد أمرتكم به"

"അല്ലാഹു കൽപിച്ച ഒന്നും നിങ്ങൾക്ക് പറഞ്ഞുതരാതെ ഞാൻ വിട്ടുകളഞ്ഞിട്ടില്ല."

അപ്പോൾ നിങ്ങൾ ഈ ചെയ്യുന്ന പ്രവൃത്തി അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതാണോ? 'അതെ' എന്നാണ് ഉത്തരമെങ്കിൽ

22. മുസ്‌ലിം (384)

അതുസംബന്ധമായി പ്രവാചകനി(ﷺ)ൽ നിന്നുള്ള തെളിവ് കൊണ്ടുവരിക. 'അതിന് തെളിവൊന്നുമില്ല' എന്നായിരിക്കും മറുപടി. അങ്ങനെയാണെങ്കിൽ അത് ബിദ്അത്താണ്. എല്ലാ ബിദ്അത്തും വഴികേടാണ്. എല്ലാ വഴികേടും നരകത്തിലുമാണ്.

"ഇത് വളരെ നിസ്സാരമായ ഒരു കാര്യമാണ്. എന്നിട്ടും അത് വഴികേടും അത് ചെയ്തവൻ നരകത്തിലുമാകും പോലും?!" എന്ന് പറയുന്നവനോട് ആരും പ്രതികരിക്കാൻ പോകേണ്ടതില്ല.

ഇത്തരം വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഇമാം ശാത്വിബി പറഞ്ഞു: "മുഴുവൻ ബിദ്അത്തുകളും-അതെത്ര ചെറുതായാലും-വഴികേട് തന്നെയാണ്.'

വഴികേടാണെന്ന ഈ വിധിയുടെ കാര്യത്തിൽ നിങ്ങൾ ബിദ്അത്തിലേക്കല്ല നോക്കേണ്ടത്. മറിച്ച്, ഈ ബിദ്അത്ത് കൊണ്ടുവെച്ച ആ സ്ഥാനമാണ് ഈ വിധിയുടെ കാര്യത്തിൽ നോക്കേണ്ടത്. ഏതാണ് ആ സ്ഥാനം? ആ സ്ഥാനം ഇസ്‌ലാമിക ശരീഅത്താണ്. അതാകട്ടെ സമ്പൂർണവും കുറ്റമറ്റതുമാണ്. അതിനാൽ ബിദ്അത്ത് കൊണ്ട് അത് ചെറുതാകട്ടെ, വലുതാകട്ടെ-ഭേദഗതി വരുത്താൻ ആർക്കും അവകാശമില്ല. ഇവിടെ നിന്നാണ് ബിദ്അത്തിലെ വഴികേട് വരുന്നത് ഒരാൾ ഒരു ബിദ്അത്ത് ഇസ്‌ലാമിൽ പുതുതായുണ്ടാക്കി എന്നതുകൊണ്ട് മാത്രമല്ല അത് വഴികേടാകുന്നത്. മറിച്ച്, ഇസ്‌ലാമിക ശരീഅത്ത് ഭേദഗതി ചെയ്യാൻ അല്ലാഹുവിനേക്കാളും നബി(ﷺ)യേക്കാളും അർഹത തനിക്ക് സ്വയം പതിച്ചുനൽകുന്നത് കൊണ്ടാണ്.

**ചോദ്യം (9): പരിശുദ്ധ ഖുർആൻ നാം എങ്ങനെയാണ് വ്യാഖ്യാനിക്കേണ്ടത്?**

മറുപടി (9): അല്ലാഹു പരിശുദ്ധഖുർആൻ തന്റെ ദൂതനായ മുഹമ്മദി(ﷺ)ന്റെ ഹൃദയത്തിലാണ് അവതരിപ്പിച്ചത്. അവിശ്വാസത്തിന്റെയും അജ്ഞതയുടെയും അന്ധകാരത്തിൽ നിന്നും മാനവകുലത്തെ മോചിപ്പിക്കാൻ വേണ്ടിയാണത്. അല്ലാഹു പറഞ്ഞു:

﴿ الٓر ۚ كِتَـٰبٌ أَنزَلْنَـٰهُ إِلَيْكَ لِتُخْرِجَ ٱلنَّاسَ مِنَ ٱلظُّلُمَـٰتِ إِلَى ٱلنُّورِ بِإِذْنِ رَبِّهِمْ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ ﴾

“സൂറ ഇബ്റാഹീം (14) ”(സൂറ ഇബ്റാഹീം:1)

ഖുർആനിലുള്ളത് വിശദീകരിക്കാനും വ്യാഖ്യാനിക്കാനും വ്യക്തമാക്കിക്കൊടുക്കാനും വേണ്ടി അവൻ തന്റെ ദൂതനെ (ﷺ) നിശ്ചയിച്ചു. അല്ലാഹു പറയുന്നു:

﴿ وَأَنزَلْنَآ إِلَيْكَ ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ ﴾

“സൂറ: അന്നഹ്ൽ (16) 44”(സൂറ: അന്നഹ്ൽ:44)

ഖുർആനിലുള്ളതിന്ന് വിശദീകരണവും വ്യാഖ്യാനവുമായിക്കൊണ്ടാണ് സുന്നത്ത് വന്നത്. അല്ലാഹു പറഞ്ഞു:

﴿ وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ۝٣ إِنْ هُوَ إِلَّا وَحْىٌ يُوحَىٰ ﴾

“സൂറ: അന്നജ്മ് (53) 3,4” (സൂറ: അന്നജ്മ്: 3,4)

കൂടാതെ, പ്രവാചകൻ (ﷺ) പറഞ്ഞു:

"ألا إني أوتيت القرآن ومثله معه ألا يوشك رجل شبعان على أريكته يقول : عليكم بهذا القرآن فما وجدتم فيه حلال فأحلوه وما وجدتم فيه من حرام فحرموه وإن ما حرم رسول الله كما حرم الله"

“അറിയുക! എനിക്ക് ഖുർആനും അതിന്റെ കൂടെ അതുപോലുള്ളതും നൽകപ്പെട്ടു. ഒരു കാലം വരാനുണ്ട്. അന്ന വയറ് നിറച്ച് തന്റെ സോഫയിൽ ചാരിയിരുന്ന് കൊണ്ട് ഒരു മനുഷ്യൻ പറയും: “നിങ്ങൾ ഖുർആൻ മുറുകെ പിടിക്കുക. അതിൽ ഹലാൽ ആയി കാണുന്നതെന്തും നിങ്ങൾ ഹലാലാക്കുക. അതിൽ ഹറാമായി കാണുന്നതെന്തും നിങ്ങൾ ഹറാമാക്കുക!” നിശ്ചയം അല്ലാഹുവിന്റെ റസൂൽ (ﷺ) ഹറാമാക്കിയത് അത് അല്ലാഹു ഹറാമാക്കിയത് പോലെ തന്നെയാണ്.”[23]

അപ്പോൾ, ഖുർആൻ വ്യാഖ്യാനിക്കാൻ ആദ്യമായി ഉപയോഗിക്കേണ്ടത് ഖുർആനും അതോടൊപ്പം സുന്നത്തുമാണ്. സുന്നത്ത് എന്നത് നബി(ﷺ)യുടെ വാക്ക്, പ്രവൃത്തി, മൗനാനുവാദം എന്നിവ ഉൾക്കൊള്ളുന്നതാണ്. അതിന് ശേഷം പണ്ഡിതന്മാരുടെ ‘തഫ്സീർ’ (വ്യാഖ്യാനം) കൊണ്ട് വ്യാഖ്യാനിക്കണം. അവരിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നവർ നബി(ﷺ)യുടെ സ്വഹാബികളാണ്. അവരിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് അബ്ദുല്ലാഹിബ്നു മസ്ഊദ് (رضي الله عنه) ആണ്. അത് നബി(ﷺ)യുടെ കൂടെ സഹവസിച്ചവരിൽ ആദ്യത്തെയാളായതുകൊണ്ടും അദ്ദേഹം ഖുർആനെ കുറിച്ച് ചോദിക്കുന്നതിലും മനസ്സിലാക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും കൂടുതൽ ശ്രദ്ധകൊടുത്തിരുന്നത് കൊണ്ടുമാണ്. ശേഷം അബ്ദുല്ലാഹിബ്നു അബ്ബാസ് (رضي الله عنه) ആണ്. ഇബ്നു മസ്ഊദ് അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്: “നിശ്ചയം, അദ്ദേഹം ഖുർആൻ വ്യാഖ്യാതാവാണ്. (തർജുമാനുൽ ഖുർആൻ).” പിന്നീട്, ഒരായത്തിന്റെ തഫ്സീർ സ്ഥിരപ്പെട്ടുവന്ന ഏതൊരു സ്വഹാബിയും - സ്വഹാബികൾക്കിടയിൽ ആ വിഷയത്തിൽ അഭിപ്രായ ഭിന്നതയൊന്നുമില്ല. നാം അദ്ദേഹത്തിൽ നിന്നും പൂർണ തൃപ്തിയോടെയും കീഴ്വണക്കത്തോടെയും വിശ്വസ്തതയോടും ആ തഫ്സീർ സ്വീകരിക്കുന്നു. ഒരു പ്രത്യേകവചനത്തിന്റെ തഫ്സീർ (അവരിൽ) കണ്ടില്ലെങ്കിൽ, നാം അതിന്റെ തഫ്സീർ താബിഉകളിൽ നിന്നും സ്വീകരിക്കും. വിശിഷ്യാ

23. മിശ്കാത്തിന്റെ തഖ്രീജ് കാണുക (ന 163)

സ്വഹാബിമാരുടെ കീഴിൽ നിന്നും തഫ്സീർ പഠനത്തിൽ അഗ്രഗണ്യരിൽ നിന്ന്. ഉദാഹരണത്തിന് സഈദുബ്നു ജുബൈർ, ത്വാവൂസ്, അതുപോലെ സ്വഹാബികളായ ചിലരുടെ വിശിഷ്യാ, മുമ്പ് സൂചിപ്പിച്ചതുപോലെ, ഇബ്നു അബ്ബാസിന്റെ കീഴിൽ നിന്നും തഫ്സീർ പഠിച്ച് പ്രശസ്തരായവർ.

ഖേദകരമെന്നു പറയട്ടെ, സ്വന്തം അഭിപ്രായങ്ങളുടെയും മദ്ഹബുകളുടെയും അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കപ്പെട്ട ചില വചനങ്ങളുണ്ട്. അവയ്ക്കാകട്ടെ, നബി(ﷺ)യിൽ നിന്നു നേരിട്ടുള്ള ഒരു വിശദീകരണം കാണാൻ സാധ്യമല്ല. അത് കാരണം, അത്തരം വചനങ്ങളെ, പിൽക്കാലക്കാരായ ചിലയാളുകൾ തങ്ങളുടെ മദ്ഹബിനനുസരിച്ച് വ്യാഖ്യാനിക്കാൻ തുടങ്ങി. ഇത് വളരെ അപകടകരമായ ഒരു വിഷയമാണ്. തങ്ങളുടെ മദ്ഹബിനെ ശക്തിപ്പെടുത്താൻ ആയത്തുകളെ വ്യാഖ്യാനിക്കുക-എന്നാൽ, ഈ മദ്ഹബിന്റെ ആളുകൾ വ്യാഖ്യാനിച്ചിതനെതിരായിട്ടാണ് തഫ്സീറിന്റെ പണ്ഡിതന്മാർ വ്യാഖ്യാനിച്ചത്.

ഇതിനൊരുദാഹരണം പരാമർശിക്കുന്നത് ഉചിതമായിരിക്കും. അല്ലാഹു പറഞ്ഞു:

﴿ فَٱقْرَءُوا۟ مَا تَيَسَّرَ مِنَ ٱلْقُرْءَانِ ﴾

“ആകയാൽ നിങ്ങൾ ഖുർആനിൽ നിന്ന് സൗകര്യപ്പെടുന്നത് ഓതിക്കൊണ്ട് നമസ്കരിക്കുക.” (സൂറ. മുസ്സമ്മിൽ:20)

ചില മദ്ഹബിന്റെ ആളുകൾ ഈ വചനത്തെ വ്യാഖ്യാനിച്ചത് ഇത് വെറും പാരായണത്തെ സംബന്ധിച്ച് മാത്രമാണെന്നാണ്. അതായത് എല്ലാ നമസ്കാരങ്ങളിലും ഖുർആനിൽ നിന്നും ഓതാൻ നിർബന്ധമാക്കപ്പെട്ടത് ഒരു നീണ്ട ആയത്ത് അല്ലെങ്കിൽ മൂന്ന് ചെറിയ ആയത്തുകൾ മാത്രമാണ്! നബി(സയിൽ സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഹദീഥുണ്ടായിട്ടും അവർ ഇത് പറഞ്ഞുകളഞ്ഞു. നബി(ﷺ) പറഞ്ഞു:

"لا صلاة لمن لم يقرأ بفاتحة الكتاب"

"ഫാത്വിഹ ഓതാത്തവന് നമസ്കാരമില്ല." [24]

മറ്റൊരു ഹദീഥിൽ

"من صلاة لم يقرأ فيها بفاتحة الكتاب، فهي خداج، هي خداج، هي خداج غير تمام"

"ഫാതിഹ ഓതാതെ ആരെങ്കിലും നമസ്കരിച്ചാൽ അത് അപര്യാപ്തമാണ്. അത് അപര്യാപ്തമാണ്, അത് അപര്യാപ്ത മാണ്. അപൂർണമാണ്."[25]

മുമ്പ് സൂചിപ്പിച്ച ആയത്തിന്റെ തഫ്സീറനുസരിച്ച് അത് പൊതുവായ പാരായണമാണെന്ന വാദത്തെ ഈ രണ്ട് ഹദീഥുകളിലെ തെളിവുകൾ ഖണ്ഡിക്കുന്നു. അവരുടെ ദൃഷ്ടിയിൽ ഖുർആനിനെ മുതവാതിറായ സുന്നത്ത് [26] കൊണ്ടല്ലാതെ വ്യാഖ്യാനിക്കുന്നത് അനുവദനീയമല്ല. അതായത് മുതവാതിറിനെ (ഖുർആനിനെ) മുതവാതിർ കൊണ്ടല്ലാതെ വ്യാഖ്യാനിക്കാൻ പാടില്ല. അത് കാരണം, ഈ വചനത്തിന്റെ വ്യാഖ്യാനമായി സ്വന്തം അഭിപ്രായങ്ങളും മദ്ഹബും ആശ്രയിച്ച് കൊണ്ട് രണ്ട് ഉപരിസൂചിത ഹദീഥുകളെ അവർ തള്ളിക്കളഞ്ഞു.

എന്നാൽ, മുൻകാലക്കാരും പിൽക്കാലക്കാരുമായ എല്ലാ വ്യാഖ്യാതാക്കളും "ഖുർആനിൽ നിന്നും നിങ്ങൾക്ക് സൗകര്യ പ്പെട്ടത്..." എന്ന വചനത്തിന് വ്യാഖ്യാനം നൽകിയത് ഇപ്രകാര മാണ്. "രാത്രി നമസ്കാരത്തിൽ (തഹജ്ജുദ്) നിങ്ങൾക്ക് സൗകര്യ പ്പെട്ടത് നമസ്കരിക്കുക." കാരണം, ഈ വചനത്തെ അല്ലാഹു മറ്റൊരു വചനവുമായി ബന്ധിപ്പിച്ചുകൊണ്ടാണ് പറഞ്ഞത്.

---

24. സ്വഹീഹുൽ ജാമിഉസ്സഗീർ (7389)
25. സ്വിഫത്തുസ്സ്വലാത്ത് (97)
26. മുതവാതിറായ ഹദീഥ് എന്നാൽ കളവാകാൻ സാധ്യതയില്ലാത്തത്രെയും ആളുകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീഥ്

﴿ إِنَّ رَبَّكَ يَعۡلَمُ أَنَّكَ تَقُومُ أَدۡنَىٰ مِن ثُلُثَيِ ٱلَّيۡلِ وَنِصۡفَهُۥ وَثُلُثَهُۥ وَطَآئِفَةٞ مِّنَ ٱلَّذِينَ مَعَكَۚ وَٱللَّهُ يُقَدِّرُ ٱلَّيۡلَ وَٱلنَّهَارَۚ عَلِمَ أَن لَّن تُحۡصُوهُ فَتَابَ عَلَيۡكُمۡۖ فَٱقۡرَءُواْ مَا تَيَسَّرَ مِنَ ٱلۡقُرۡءَانِ ﴾

"നീയും നിന്റെ കൂടെയുള്ളവരിൽ ഒരു വിഭാഗവും രാത്രിയുടെ മിക്കവാറും മൂന്നിൽ രണ്ടു ഭാഗവും (ചിലപ്പോൾ) പകുതിയും (ചിലപ്പോൾ) മൂന്നിലൊന്നും നിന്ന് നമസ്കരിക്കുന്നുണ്ട് എന്ന് തീർച്ചയായും നിന്റെ രക്ഷിതാവിന്നറിയാം. അല്ലാഹുവാണ് രാത്രിയെയും പകലിനെയും കണക്കാക്കുന്നത്. നിങ്ങൾക്ക് അത് ക്ലിപ്തപ്പെടുത്താനാവുകയില്ലെന്ന് അവന്നറിയാം. അതിനാൽ അവൻ നിങ്ങൾക്ക് ഇളവ് ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ ഖുർആനിൽ നിന്ന് സൗകര്യപ്പെട്ടത് ഓതിക്കൊണ്ട് നമസ്കരിക്കുക." (സൂറ. മുസ്സമ്മിൽ:20)

അതായത്: "രാത്രി നമസ്കാരത്തിൽ നിന്നും നിങ്ങൾക്ക് സൗകര്യപ്പെട്ടത് നമസ്കരിക്കുക." രാത്രി നമസ്കാരത്തിൽ മാത്രമായി ഒരാൾ ഓതൽ നിർബന്ധമായതിനെക്കുറിച്ച് പറയുന്ന ഒരു വചനമല്ല ഇത്. മറിച്ച് മുസ്‌ലിംകൾക്ക് രാത്രി നമസ്കാരത്തിൽ നിന്നും അവർക്ക് സൗകര്യപ്പെട്ടത് നമസ്കരിക്കാൻ അല്ലാഹു സൗകര്യം നൽകുന്നതാണ്. നിങ്ങൾക്കറിയാവുന്നത് പോലെ, റസൂൽ (ﷺ) നമസ്കരിക്കുന്ന പതിനൊന്ന് റക്അത്ത് നമസ്കാരം അവർക്ക് നിർബന്ധമല്ല (എന്നാണുദ്ദേശം)

ഇതാണ്, ഈ ആയത്തിന്റെ അർത്ഥം. "ഒരംശം മാത്രം പ്രയോഗിച്ചുകൊണ്ട് മൊത്തമായുള്ളതിനെ ഉദ്ദേശിക്കുക"യെന്ന അറബി രീതിയനുസരിച്ചാണിത്. അപ്പോൾ 'നിങ്ങൾ ഓതുക' എന്ന അല്ലാഹുവിന്റെ വചത്തിന്റെ അർത്ഥം "നിങ്ങൾ നമസ്കരിക്കുക" എന്നാണ്. നമസ്കാരം എന്നത് മൊത്തത്തിലുള്ളതാണ്. അതിലെ

ഒരംശമാണ് പാരായണം. മൊത്തത്തിലുള്ളതിലടങ്ങിയിട്ടുള്ള ഈ ഒരംശത്തിന്റെ പ്രാധ്യാനം വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ഈ രീതി ഉപയോഗിക്കുന്നത്. അതിന് മറ്റൊരുദാഹരണമാണ് അല്ലാഹുവിന്റെ ഈ വചനം:

﴿ أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ إِنَّ قُرْءَانَ ٱلْفَجْرِ ﴾

"സൂര്യൻ (ആകാശമധ്യത്തിൽ നിന്ന്) തെറ്റിയതുമുതൽ രാത്രി ഇരുട്ടുന്നത് വരെ (നിശ്ചിത സമയങ്ങളിൽ) നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുക. പ്രഭാതത്തിലെ ഖുർആൻ പാരായണവും." (സൂറ. ഇസ്റാഅ്:78) ഇവിടെ "പ്രഭാതത്തിലെ ഖുർആൻ പാരായണം" എന്നതിന്റെയർത്ഥം "പ്രഭാതനമസ്കാരം" എന്നാണ്. അപ്പോൾ ഈ സന്ദർഭത്തിലും ഒരംശമാണ് പ്രയോഗിച്ചത്. എന്നാൽ അതുകൊണ്ടുള്ള ഉദ്ദേശ്യം മൊത്തത്തിലുള്ളതാണ്. അറബി ഭാഷയിലെ അറിയപ്പെടുന്ന ഒരു രീതിയാണിത്.

അതിനാൽ, മുൻഗാമികളും പിൻഗാമികളുമായ ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനത്തിന് നൽകിയ വ്യാഖ്യാനം വ്യക്തമാക്കിക്കഴിഞ്ഞാൽ പിന്നെ 'ആഹാദ്' [27] ആണ്, ആഹാദായ ഹദീഥ് കൊണ്ട് ഖുർആനിനെ വ്യാഖ്യാനിക്കാൻ പാടില്ല എന്നെല്ലാം വാദിച്ചുകൊണ്ട് ഒന്നാമത്തെയും രണ്ടാമത്തെയും ഹദീഥിനെ തള്ളിക്കളയുന്നത് ശരിയല്ല! കാരണം, ഉപര്യുക്ത വചനത്തെ വ്യാഖ്യാനിച്ചത് ഖുർആനിന്റെ ഭാഷയെക്കുറിച്ച് നല്ല അറിവുള്ള പണ്ഡിതന്മാരുടെ മൊഴിയനുസരിച്ചാണ്. അതൊന്ന്; ഇനി രണ്ടാമത്, നബി(ﷺ)യുടെ വാക്കുകൾ ഒരിക്കലും ഖുർആനിന്ന് വിരുദ്ധമാകില്ല. പ്രത്യുത, അതിനെ വിശദീകരിക്കുകയും കൂടുതൽ വ്യക്തമാക്കുകയുമാണ് ചെയ്യുക-ഇത് നാം ആദ്യത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇതാണ് രണ്ടാമത്തേത്. നിർബന്ധനമസ്കാരങ്ങളിലും ഐച്ഛിക

27. 'ആഹാദായ ഹദീഥ്' എന്നാൽ ഒറ്റ റിപ്പോർട്ടറുള്ള ഹദീഥ് എന്നാണ് ഭാഷാർത്ഥമെങ്കിലും മുതവാതിറായ ഹദീഥിന്റെ വിപരീതമായിട്ടാണ് ഹദീഥ് നിദാനശാസ്ത്രത്തിൽ പ്രയോഗിക്കുന്നത്-വിവ:

നമസ്കാരങ്ങളിലും ഒരു മുസ്‌ലിം നിർബന്ധമായി ഓതേണ്ടതുമായി ഈ വചനത്തിന് യാതൊരു ബന്ധവുമില്ലെന്നിരിക്കെ ഇതെങ്ങനെ സംഭവിക്കും?!

എന്നാൽ സൂറത്തുൽ ഫാതിഹ ഓതിയിട്ടില്ലെങ്കിൽ ഒരാളുടെ നമസ്കാരം സാധുവാകുകയില്ല എന്നാണ് മുമ്പ് സൂചിപ്പിച്ച രണ്ട് ഹദീഥുകളിൽ നിന്നും വ്യക്തമാകുന്നത്: 'ഫാതിഹ ഓതാത്തവന് നമസ്കാരമില്ല" എന്ന ഹദീഥും "ഫാതിഹ ഓതാതെ ആരെങ്കിലും നമസ്കരിച്ചാൽ അത് അപര്യാപ്തമാണ്, അത് അപര്യാപ്തമാണ്, അത് അപര്യാപ്തമാണ്, അപൂർണമാണ്" എന്ന ഹദീഥും അതായത്, ആ നമസ്കാരം ന്യൂനതയുള്ളതാണ് എന്നർത്ഥം. അപ്പോൾ, ന്യൂനതയോടുകൂടി ആരെങ്കിലും നമസ്കരിച്ചാൽ, അവൻ യഥാർത്ഥത്തിൽ നമസ്കരിച്ചിട്ടേയില്ല. അപ്പോൾ അവന്റെ നമസ്കാരം നിഷ്ഫലമാകും. ഒന്നാമത്തെ ഹദീഥിൽ നിന്നും അതാണ് മനസ്സിലാകുന്നത്.

ഈ ഒരു വസ്തുത വ്യക്തമായിക്കഴിഞ്ഞാൽ, പിന്നെ, ഒന്നാമതായി ഹദീഥ് ഗ്രന്ഥങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലൂടെയും, രണ്ടാമതായി സ്വഹീഹായ പരമ്പരകളിലൂടെയും നബി(ﷺ)യിൽ നിന്നും നമുക്ക് ലഭിക്കുന്ന ഹദീഥുകളിൽ നാം സമാധാനം കണ്ടെത്തണം. ഇന്ന് നാം കേട്ടുവരുന്ന ഹദീഥുകളോട് യുക്തിയിലധിഷ്ഠിതമായ ഒരു സമീപനം വേണമെന്ന് വാദിച്ചുകൊണ്ട് അവയിൽ സംശയങ്ങളും അനശ്ചിതത്വങ്ങളും പ്രകടിപ്പിക്കാൻ പാടില്ല. (യുക്തിയുപയോഗിക്കണമെന്ന് വാദിക്കുന്ന) ചിലർ പറയും: "വ്യവഹാരങ്ങളുടെ വിഷയങ്ങളിൽ മാത്രമേ നാം ആഹാദായ ഹദീഥുകൾ സ്വീകരിക്കുകയുള്ളൂ. വിശ്വാസകാര്യങ്ങളിൽ സ്വീകരിക്കുകയില്ല. കാരണം വിശ്വാസ കാര്യങ്ങൾ ആഹാദായ ഹദീഥുകൾ കൊണ്ട് സ്ഥിരപ്പെടുകയില്ല."

ഇതാണ് അവർ വാദിക്കുന്നത്! എന്നാൽ, നബി(ﷺ) മുആദിനെ (യമനിലേക്ക്) അയച്ചത് (അവിടെയുള്ള) വേദക്കാരെ ഏകദൈവവി

ശ്വാസത്തിലേക്ക് ക്ഷണിക്കാനാണ് എന്ന് നമുക്കറിയാം. അദ്ദേഹമാകട്ടെ, ഒരു വ്യക്തി മാത്രമാണല്ലോ. [28]

ഞാൻ ഈ വിഷയകമായി വിശദീകരിക്കാനുദ്ദേശിച്ചതിന് ഈ ഒരു സംക്ഷിപ്ത ചർച്ച തന്നെ പര്യാപ്തമാണ്. അതായത് ''ഖുർആൻ വ്യാഖ്യാനം എങ്ങനെയാണ് നമ്മുടെ മേൽ നിർബന്ധമായിട്ടുള്ളത്?'' എന്ന വിഷയകമായി.

അല്ലാഹുവിന്റെ രക്ഷയും സമാധാനവും അനുഗ്രഹവും മുഹമ്മദ് നബിയുടെയും അവിടുത്തെ അനുചരന്മാരുടെയും അന്ത്യനാൾ വരെ നന്മയിൽ അവരെ പിന്തുടർന്നവരുടെയും മേലുണ്ടാവട്ടെ. സർവലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു സ്തുതിയഖിലവും.

✧ ✦ ✧

28. ബുഖാരി (1458), മുസ്‌ലിം 19)